# മാനന്തവാടി രൂപത
## ബുള്ളറ്റിൻ



Vol. 13 / Issue 02
February 2022

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120



തലശ്ശേരി അതിരൂപത
നിയുക്ത ആർച്ച് ബിഷപ്പ്
മാർ. ജോസഫ് പാംപ്ലാനിക്ക്
മാനന്തവാടി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ
Congratulations



## മോൺ മാത്യു വെള്ളാങ്കൽ

കോതമംഗലം രൂപതാംഗമായിരുന്ന മോൺ മാത്യു വെള്ളാങ്കൽ അച്ചൻ മാനന്തവാടി രൂപതയിൽ 7 വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത വന്ദ്യ വൈദികനാണ്. കാരക്കാമല ദേവാലയം പുതുക്കി പണിയുകയും, നിത്യസഹായമാതാവിന്റെ മനോഹരമായ കപ്പേളപണി കഴിപ്പിക്കുകയും ചെയ്തത് അച്ചന്റെ അജപാലന കാലയളവിലാണ്. അച്ചന്റെ ത്യാഗപൂർണ്ണമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നതോടൊപ്പം ദൈവം ആത്മാവിന് നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കാം.



## ബ്രദർ ബോർജിയ സി എസ് ടി

സി എസ് ടി സഭയുടെ (ബ്രദേഴ്സ്) മുൻ സുപ്പീരിയർ ജനറലായിരുന്ന ബ്രദർ ബോർജിയ അണ്ണാത്തുകുഴി മാനന്തവാടി രൂപതയിൽ പ്രത്യേകിച്ച് രൂപതാകാര്യാലയത്തിൽ 3 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച വ്യക്തിയാണ്. മാനന്തവാടി രൂപതയിലും ദീർഘകാലം സഭാ സമൂഹത്തിലും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച ബ്രദറിനെ നന്ദിയോടെ സ്മരിക്കുന്നതിനോടൊപ്പം ദൈവം ആത്മാവിന് നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കാം.

**ആദരാഞ്ജലികളോടെ**
**മാനന്തവാടി രൂപതാ കുടുംബം**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 13 ഫെബ്രുവരി - 2022 ലക്കം 2**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ........................................................................ 7

സർക്കുലർ........................................................................ 14

സർക്കുലർ........................................................................ 23

ഡിക്രി............................................................................... 28

രൂപതാ കച്ചേരി വാർത്തകൾ.................................................. 31

മതബോധനരംഗം ................................................................ 33

ചെറുപുഷ്പ മിഷൻലീഗ്........................................................ 36

Department of Youth Ministry ........................................ 43

കെ.സി.വൈ.എം.................................................................. 48

കുടുംബപ്രേഷിതത്വം............................................................ 57

സീയോൻ വാർത്തകൾ ........................................................ 62

വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................... 64

സാമൂഹ്യ സേവനരംഗം (WSSS)......................................... 68

ബയോവിൻ അഗ്രോ റിസർച്ച്................................................ 77

റേഡിയോ മാറ്റൊലി ............................................................. 81

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. 84

ഫെഡാർ ഫൗണ്ടേഷൻ........................................................ 86

Mary Matha Arts & Science College............................. 88

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. 91

ബിഷപ്സ് പ്രോഗ്രാം ............................................................ 96

Ref: 3630 /K-5/KCBC/OL/DS

## മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നലകുന്ന സന്ദേശം

**ഫെബ്രുവരി 11, 2022**

*"നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36). ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.*

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നൽകുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ് 19 മഹാമാരി മൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെക്വിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

**1. പിതാവിനെപ്പോലെ കരുണാമയൻ**

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, 'നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6:36) എന്ന പ്രമേയം 'കരുണാസമ്പന്നനായ' (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേർ കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

**2. യേശു, പിതാവിന്റെ കരുണാഭാവം**

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! 'അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു '(മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നലകുന്നു: 'വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു. 'വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

**3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ**

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവും കൊണ്ട് രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിത ദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠകളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നോക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നലകുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

**4. ശുശ്രൂഷാകേന്ദ്രങ്ങൾ 'കരുണയുടെ ഭവനങ്ങൾ' ആകുമ്പോൾ**

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസാഖ്യം 'നല്ല സമറിയാക്കാരന്റെ സത്രങ്ങൾ 'തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്ര്യത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ

വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ് 19 ന് എതിരേയുള്ള കുത്തിവയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾ കൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽ പോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്ന. 'പ്രയോജനരഹി

തത്വത്തിന്റെ സംസ്കാരം' ((culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, 'ദയാഭവനങ്ങൾ' പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ മാതൃകാപരമായവയാണ്.

**5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യ പരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു; കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? 'ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു '(മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും 'രോഗികളുടെ ആരോഗ്യമായ' മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർത്ഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യ പ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോ

ടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദ്ദവമായി എന്റെ അപ്പസ്തോലിക ആശീർവാദം നൽകുന്നു.

**ഫ്രാൻസിസ് പാപ്പാ**

റോം വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം
10 ഡിസംബർ 2021
ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682 025

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 0041/2022

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് **കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടു വർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിത ദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമ്മിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള**

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതി സന്ധി ഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃകയാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ

സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെ സന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിത മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരംപ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും

രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

**കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും**

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുകയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതിസംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാ

സ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതി വിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതര സമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗ ശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാ രംഗങ്ങളിലും

പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം**

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെപാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ

ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വ ത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപ തയ്ക്കുമുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനി കമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്ക ണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതി രൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചി ട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസര ണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാപാരമ്പ ര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടു ക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്നയാ ഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാ സനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലി യർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്ത രോടും ദൈവജനത്തോടും സിനഡുപിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മ യെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാ വരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാ സത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി യിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാ വരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേ

ശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാസിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരളസഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവ

ത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

ഈ സർക്കുലർ 2022 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

*Ref: 3628 /K-5/KCBC/OL/DS*

## 2022 ഫെബ്രുവരി 13 തിരുബാലസഖ്യദിനം

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാല സഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**സിനഡും കുട്ടികളും**

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. 'സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടിയാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിനഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് രൂപതാതല

ത്തിന്റെ ഉദ്ദേശ്യം. പുറന്തള്ളപ്പെടാൻ സാധ്യതയുള്ളവരായവരെ - സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ - പങ്കെടുപ്പിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗ്ഗാത്മകമായ വഴികൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവിക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളിത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാനങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെയാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കുക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെ തന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹി

ക്കുന്നതിന് ചെറിയ ചെറിയ ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

**ദൈവവിളി പ്രോത്സാഹനം**

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേതുണ്ട്. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതാണ് അനുഗ്രഹം. 'കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്' എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ,' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

**തിരുബാലസഖ്യത്തിന്റെ പ്രാധാന്യം**

നന്മയിലും വിശുദ്ധിയിലും വളരേ ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാര

മായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധി കാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്ര ങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരി ശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേയ്ക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശു വിന്റെ സംരക്ഷണത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരു ബാലസഖ്യം പ്രവർത്തിക്കുന്നു. നമ്മുടെ ഇടവകയിലെ 14 വയസ്സു വരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരു ബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയ പ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രേ ത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാല സഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മ രിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യ ങ്ങളായി മാറ്റേ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം ശൈശ

വങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികത യുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേതുണ്ട്. വർഗീയതയും നിരീശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹ വർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരിക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥ നായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥി ക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

**NB:** 2022 ഫെബ്രുവരി 13-ാം തീയതി ഈ സർക്കുലർ കേര ളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭക ളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Prot. No. 25556/2021

### ***മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം ദീപ്തിഗിരി സെൻറ് തോമസ് ഇടവകയുടെ കീഴിൽ എള്ളുമന്ദത്തുള്ള സെൻറ് ജോർജ് കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി.***

1975 ൽ സ്ഥാപിതമായ ദീപ്തിഗിരി ഇടവകയിലെ എള്ളുമന്ദം കാക്കഞ്ചേരി പ്രദേശത്ത് സ്ഥാപിതമായ കുരിശുപള്ളിയാണ് സെന്റ് ജോർജ്ജ് കുരിശുപള്ളി. വർഷങ്ങളായി ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ അവിടെ വി. കുർബാന അർപ്പിക്കപ്പെട്ടുവരുന്നു. ഈ പ്രദേശത്തെ വിശ്വാസികൾക്ക് ഇടവക ദേവാലയമായ ദീപ്തിഗിരി പള്ളിയിലേക്ക് എത്തിച്ചേരുന്നതിന് ഏകദേശം രണ്ടു മുതൽ മൂന്നു വരെ കിലോമീറ്റർ യാത്ര ചെയ്യണം. കൂടാതെ ചെറിയ കുട്ടികൾപോലും പള്ളിയിലേക്കും വിശ്വാസപരിശീലനത്തിനും, കാൽനടയായിട്ടാണ് പോകേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ ആ പ്രദേശത്തുള്ള കുടുംബനാഥന്മാർ 2019 മെയ് മാസം 30ന് സമ്മേളിക്കുകയും അവിടെയുള്ള സെന്റ് ജോർജ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിയാൽ ഉണ്ടാകാവുന്ന ആത്മീയവും ഭൗതികവുമായ വളർച്ചയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഈ യോഗത്തിന്റെ വെളിച്ചത്തിൽ ആ പ്രദേശത്തുള്ള 80 കുടുംബങ്ങൾ തങ്ങളുടെ ആവശ്യം അറിയിച്ചു കൊണ്ട് ദീപ്തിഗിരി ഇടവക പൊതുയോഗത്തിന് അപേക്ഷ സമർപ്പിക്കുകയും കുടുംബനാഥന്മാരുടെ സമ്മതം രേഖാമൂലം അറിയിക്കുകയും ചെയ്തു. ദീപ്തിഗിരി ഇടവകയുടെ ബഹു. വികാരിയച്ചൻ പ്രസ്തുത ആവശ്യം 2019 നവംബർ മാസം 10 ന് ചേർന്ന പൊതുയോഗത്തിൽ അവതരിപ്പിക്കുകയും പ്രസ്തുത യോഗം എള്ളുമന്ദം സെന്റ് ജോർജ് കുരിശുപള്ളി സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നതിൽ തടസ്സങ്ങളില്ല എന്ന് അറിയിക്കുകയും, അനന്തര നടപടികളുമായി മുന്നോട്ടു പോകു

വാൻ തീരുമാനിക്കുകയും ചെയ്തു. തദനുസാരം രൂപതാ കച്ചേരിയിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2019 നവംബർ 29 ന് ചേർന്ന രൂപതാ കച്ചേരി പ്രസ്തുത തീരുമാനങ്ങളെക്കുറിച്ച് പഠിച്ചതിന്റെ വെളിച്ചത്തിൽ, (Prot. No 22631/2019) ചില വ്യവസ്ഥകൾക്ക് വിധേയമായി എള്ളുമന്ദം സെൻറ് ജോർജ് കുരിശുപള്ളി താത്കാലികമായി സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തി.

12-11-2021 ന് മുൻപ് നൽകിയ നിർദ്ദേശങ്ങളനുസരിച്ച് (Prot. No 22631/2019) സ്ഥലം വിൽപ്പന, രെജിസ്ട്രേഷൻ എന്നിവ പൂർത്തിയാക്കി എന്നറിയിച്ചുകൊണ്ടും സെന്റ് ജോർജ് കുരിശുപള്ളിയെ വ്യവസ്ഥകൾ എല്ലാം പാലിക്കപ്പെട്ടതിനാൽ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണം എന്നാവശ്യപ്പെട്ടുകൊണ്ടും കൈക്കാരന്മാരും വികാരിയച്ചനും നൽകിയ അപേക്ഷ സ്വീകരിച്ച് എള്ളുമന്ദം സെന്റ് ജോർജ് കുരിശുപള്ളിയെ സ്ഥിരമായി സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നു.

**അതിർത്തികൾ**

**കിഴക്ക്** - പെരിഞ്ചോല വയൽ

**പടിഞ്ഞാറ്** - പള്ളിയറ - കബനിപുഴ റോഡ് (കല്ലോടി ഇടവക അതിർത്തിവരെ)

**തെക്ക്** - കല്ലോടി ഇടവക

**വടക്ക്** - കബനി പുഴ

എള്ളുമന്ദം സെന്റ് ജോർജ് കുരിശുപള്ളിയുടെ വികാരി ഇപ്പോഴത്തെ ദീപ്തിഗിരി വികാരി ബഹു. ചാണ്ടി പുനക്കാട്ടച്ചനായിരിക്കും. ഇടയനും പിതാവും എന്ന നിലയിൽ ബഹുമാനപ്പെട്ട വികാരിയച്ചനെ സ്നേഹിക്കാനും ബഹുമാനിക്കാനും ആവശ്യനേരത്ത് സഹായിക്കാനും അച്ചന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഇടവകപ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാനുമുള്ള കടമയും ഉത്തരവാദിത്വവും എല്ലാ ഇടവകക്കാർക്കും പ്രത്യേകിച്ച് ഇടവകയിലെ കൈക്കാരന്മാർക്കും മറ്റ് ശുശ്രൂഷകർക്കും ഉണ്ടെന്ന വസ്തുതയും ഇടവകാംഗങ്ങളെ ഏവരേയും ഓർമ്മപ്പെടുത്തുന്നു.

സ്വന്തമായി ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ ദീപ്തിഗിരി സെന്റ് തോമസ് ഇടവകയുടെ സെമിത്തേരി ഉപയോഗിക്കാൻ എള്ളുമന്ദം സെന്റ് ജോർജ് കുരിശുപള്ളിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരിക്കും. ദീപ്തിഗിരി ഇടവക ഇക്കാര്യം അനുവദിച്ച് കൊടുക്കേണ്ടതുമാണ്.

എള്ളുമന്ദം സെന്റ് ജോർജ്ജ് കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച എല്ലാ മുൻ വികാരിമാരെയും സമർപ്പിത രേയും അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

പുതിയ കുരിശുപള്ളിയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജന ത്തെയും നല്ല ഇടയനായ ഈശോ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2021 ഡിസംബർ മാസം 11ന് നൽകപ്പെട്ടത്.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

kvt\-l-kvac-W

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും സ്മരിക്കാം.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 13**

ഫെബ്രുവരി 13-ാം തിയതി തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാൻ രൂപതാ കേന്ദ്രത്തിലേയ്ക്ക് എത്തിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

പാലക്കാട് രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

CMC സേക്രട്ട് ഹാർട്ട് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ജാസ്മിൻ മരിയ കോയിക്കാട്ട് & ടീം അംഗങ്ങൾക്കും, SH നിർമ്മല പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ഗ്രേസി കുഴിവേലിപ്പറമ്പിൽ & ടീം അംഗങ്ങൾക്കും, FCC മാനന്തവാടി പ്രോവിൻസിന്റെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ജ്യോതിമരിയ & ടീം അംഗങ്ങൾക്കും, SABS മേരിമാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ആൻമേരി ആര്യപ്പള്ളിൽ & ടീം അംഗങ്ങൾക്കും, SRA സതേൺ പ്രോവിൻസിന്റെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ദീപ മേരി & ടീം അംഗങ്ങൾക്കും മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**വാഴ്ത്തപ്പെട്ട ദേവസഹായംപിള്ളയുടെ വിശുദ്ധ പദവി പ്രഖ്യാപനവും തീർത്ഥാടനവും**

2022 മെയ് 15 -ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ റോമിലെ സെൻ്റ് പീറ്റേഴ്സ് ബസിലിക്കയിൽ വച്ചു വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്ന പുണ്യ ദിനമാണ്. ഇതിനോടനുബന്ധിച്ച് കൊട്ടാർ രൂപത, റോമും ഇറ്റലിയും ഉൾപ്പെടുത്തിയുള്ള 7 ദിവസങ്ങളുള്ള ഒരു തീർത്ഥാടനവും (150000 രൂപ), ഇറ്റലിയും മറ്റ് യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെട്ട 16 ദിവസങ്ങളുള്ള ഒരു തീർത്ഥാടനവും (250000 രൂപ) നടത്താൻ അവസരമൊരുക്കുന്നു. ഇതിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Fr E John Kulandai
(Co- Ordinator- Martyr Devasahayam Canoniztion Committee)
Contact No. 89032-71247

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

## HCC പരീക്ഷകൾ

എച്ച്. സി. സി. പരീക്ഷകൾ ഇപ്രാവശ്യം ഇടവകതലത്തിലാണ് നടന്നത്. പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ സഹായിച്ച എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും മേഖല ഡയറക്ടേഴ്സിനും, മേഖലാ സെക്രട്ടറിമാർക്കും ഹെഡ്മാസ്റ്റേഴ്സിനും, അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. മൂല്യനിർണയം നടന്നുകൊണ്ടിരിക്കുകയാണ്. മൂല്യനിർണയം പൂർത്തിയായി കഴിയുമ്പോൾ റിസൾട്ട് രൂപതയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## HCC സേ പരീക്ഷ

HCC സേ പരീക്ഷ 2022 മാർച്ച് 12 ശനിയാഴ്ച നടത്തപ്പെടുന്നതാണ്.

## Diploma പരീക്ഷ

2022 ഫെബ്രുവരി 13 ന് 10 മണി മുതൽ 12 മണി വരെ ഡിപ്ലോമ പരീക്ഷ നടത്തപ്പെടുകയാണ്. ഈ വർഷത്തെ സിലബസ്സിൽ ഫസ്റ്റ് സെമസ്റ്ററിലെ 30 ശതമാനവും സെക്കൻഡ് സെമസ്റ്ററിലെ 70 ശതമാനവും പാഠഭാഗങ്ങൾ പരീക്ഷക്ക് ഉണ്ടായിരിക്കും. രൂപതാതലത്തിൽ ഇപ്രാവശ്യവും റാങ്ക് ഉണ്ടായിരിക്കുന്നതല്ല. Objective type, short answers, Paragraph type, essay type ചോദ്യങ്ങൾ ഉണ്ടായിരിക്കും

## Mark വിഭജനം ഇപ്രകാരമാണ്.

Text book 60 മാർക്ക്, നമസ്കാരം - 10 മാർക്ക്, പൊതുവിജ്ഞാനം -5 മാർക്ക്, ഉപപാഠ പുസ്തകം - 10 മാർക്ക്, വിശുദ്ധ ഗ്രന്ഥം -5 മാർക്ക്, CE 10 മാർക്ക്,

### പരീക്ഷാസമയം

പരീക്ഷസമയം 2 മണിക്കൂർ ആയിരിക്കും. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തുതന്നെ എല്ലാ ഇടവകകളിലും പരീക്ഷ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. പരീക്ഷയുടെ ദിവസത്തെ കുർബാനയുടെ സമയം ക്രമീകരിക്കുമല്ലോ.

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പരീക്ഷ നടത്തേണ്ടത്.

2. പരീക്ഷ നടത്തിപ്പിന്റെ പൂർണ ഉത്തരവാദിത്വം ഇടവകയിലെ ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്റർക്കും ആയിരിക്കും.

3. പരീക്ഷ നടത്തിപ്പിനുള്ള ഇൻവിജിലേറ്ററെ (30 കുട്ടികൾക്ക് ഒരാൾ) നിയോഗിക്കുക.

4. പരീക്ഷ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷ ഹാൾ ക്രമീകരിക്കേണ്ടതാണ്. ഒരു ബഞ്ചിൽ രണ്ട് പേരിൽ കൂടുതൽ പാടില്ല.

5. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ്(9.30) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 9.45ന് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് ചോദ്യപേപ്പർ നൽകുക.15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 10.00 മണിക്ക് ഉത്തരങ്ങൾ എഴുതിതുടങ്ങുക. 12.00 മണിവരെയാണ് പരീക്ഷാ സമയം.

6. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

7. ഉത്തരകടലാസുകളിൽ ഇൻവിജിലേറ്റർ ഒപ്പിട്ട് വിതരണം ചെയ്യുക. രജിസ്റ്റർ നമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക. പേരോ, മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.

8. പാഠപുസ്തകം, നോട്ട് ബുക്ക്, മൊബൈൽ ഫോൺ മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.

9. വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

10. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

11. പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടാകുവാൻ ശ്രദ്ധിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

12. പരീക്ഷയിൽ യാതൊരു ക്രമക്കേടുകളും നടക്കുന്നില്ലെന്ന്

ഉറപ്പുവരുത്തുക.

13. മൂല്യനിർണ്ണയവും ഇടവകകളിൽ തന്നെയാണ് നടത്തേണ്ടത്. കുട്ടികളുടെ മാർക്ക് രൂപത കേന്ദ്രത്തിൽനിന്ന് തരുന്ന ഗൂഗിൾഷീറ്റിൽ Internal Mark ചേർത്ത് 2022 ഫെബ്രുവരി 21 ന് മുമ്പ് അയച്ചുതരേണ്ടതാണ്.

**മിഷൻക്വിസ്സ്**

സീറോ മലബാർ വിശ്വാസപരിശീലനകമ്മീഷനും മിഷൻ ഓഫീസും സംയുക്തമായി നടത്തിയ മിഷൻ ക്വിസ്സിൽ രൂപത തലത്തിൽ വിജയികളായവർക്ക് അനുമോദനങ്ങൾ. പങ്കെടുത്തവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുപ്പിച്ച വികാരിയച്ചന്മാർക്കും മതാധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

വിജയികളായവരുടെ പേരുകൾ സ്ഥാനക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു.

**Students:**

**I** Roseland Cheriyan,
Malithara House
St. Jude's Church Panamaram

**II** Benhar Easho Cheriyan
Malithara House
St.Jude's Church Panamaram

**III** Liya S Shajil
Sawriyamthadathil House
St. Judes Church, Moolankavu

**Adults:**

**I** Sr. Ancy Tom SH
St. Sebsatian's Church Kartikulam

**II** Anjana Thomas Cherutharappel House
Fathima Matha Church, Kayyunni

**III** Thresia. K Malithara House
St. Jude's church Panamaram

**പ്രോത്സാഹന സമ്മാനം :** സി. റീത്ത ഗ്രേയ്സ് CMC

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയപ്പെട്ട കൂട്ടുകാരെ,

ആത്മീയമായി നോമ്പ് ആചരണങ്ങളിലേക്കും ബൗദ്ധികമായി പരീക്ഷകളിലേക്കും ഉള്ള ഒരുക്കം ആരംഭിക്കുകയാണല്ലോ. രണ്ടിനും വിജയം അനിവാര്യമാണ്. ആദ്ധ്യാത്മികമായും ബൗദ്ധികമായും സാമൂഹികമായുമൊക്കെ നാം വളരേണ്ടതും വളർത്തേണ്ടതും കൂടുതൽ മെച്ചപ്പെട്ട മനുഷ്യരാകാനാണല്ലോ. സച്ചിൻ തെണ്ടുൽക്കറുടെ അച്ഛൻ രമേശ് തെണ്ടുൽക്കർ പതിനൊന്നാം വയസ്സിൽ ക്രിക്കറ്റ് ബാറ്റ് കൈകളിൽ ഏൽപ്പിച്ചിട്ട് അദ്ദേഹത്തോട് പറഞ്ഞു. 'കുറുക്കു വഴികളില്ലാതെ നേരാംവണ്ണം വിജയം കൈക്കലാക്കുക'. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ സച്ചിൻ ആദ്യം നന്ദി പറഞ്ഞത് അച്ഛനാണ്. ഫുട്ബോൾ കളത്തിൽ നിന്ന് വിട വാങ്ങിയപ്പോൾ 'ക്രിസ്തുവാണ് എന്റെ എല്ലാ നേട്ടത്തിനും പിന്നിൽ' എന്ന് പറഞ്ഞ ബ്രസീലിയൻ ഫുട്ബോളർ കക്കയും നമ്മുടെ മനോഭാവത്തെ ഒന്ന് വിലയിരുത്താൻ നമ്മെ സഹായിക്കട്ടെ. 'നിങ്ങളുടെ ഉള്ളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്' (1യോഹ 4:4). ഉള്ളിൽ ദൈവം വസിക്കുന്നു എന്ന തിരിച്ചറിവ് മനസ്സിൽ സൂക്ഷിക്കുക. ആ ദൈവ സാന്നിധ്യത്തെ അവബോധത്തോടെ മനസ്സിലാക്കുക. നോമ്പുകാലവും, പരീക്ഷയും, പഠനവുമെല്ലാം കുറച്ചുകൂടി മെച്ചപ്പെട്ട മനുഷ്യരാകാൻ നമ്മെ പ്രാപ്തരാക്കട്ടെ.

മിഷൻ അഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

| | |
|---|---|
| 2022 – ഫെബ്രുവരി | : ക്രിസ്തു : പ്രേഷിതന്റെ ആത്മഭാവം |
| പ്രാർത്ഥന മലരുകൾ | : 75 കരുണയുടെ ജപമാല |
| മിഷൻ പ്രയർബാങ്ക് | : ജഗദൽപൂർ രൂപത (കൽപ്പറ്റ മേഖലയിലെ ശാഖകൾ) |
| സുകൃത ജപം | : ''ഓ!എന്റെ ഈശോയെ സർവ്വവും അങ്ങയെ പ്രതി'' |

**ഗ്ലോറിയ സീസൺ -3**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഈ വർഷം നടത്തിയ കരോൾ ഗാന മത്സരമാണ് ഗ്ലോറിയ സീസൺ – 3. ഡിസംബർ 18 ശനിയാഴ്ച വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മത്സരത്തിൽ 28 ടീം മത്സരിച്ചു. മത്സരത്തിൽ പാടിച്ചിറ, നടവയൽ, കല്ലുവയൽ എന്നീ ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**ക്രിസ്തുമസ് രാവ്**

മഞ്ഞിൻ പുതപ്പിട്ട്,നക്ഷത്രങ്ങൾ കണ്ണുചിമ്മുന്ന, വർണ്ണ വിളക്കുകൾ തെളിഞ്ഞു കത്തുന്ന, മണ്ണിലും വിണ്ണിലും ഗ്ലോറിയ ഗീതങ്ങൾ മുഴങ്ങുന്ന ക്രിസ്തുമസ് രാവ്. പുൽക്കൂട്ടിലെ പൊന്നുണ്ണിക്കൊപ്പം നക്ഷത്രവിളക്കുകൾ തെളിച്ചു, കരോൾ ഗാനങ്ങൾ പാടി, നൃത്തം ചവിട്ടി, മധുരം നുണഞ്ഞ്, ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത കുഞ്ഞോം സെന്റ് ആന്റണീസ് ദേവാലയത്തിൽ വർണ്ണശബളമായ ക്രിസ്തുമസ് രാവ് ഒരുക്കി. കുഞ്ഞോം ശാഖ ഡയറക്ടർ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ബഹു. സിസ്റ്റേഴ്സ്, ശാഖയിലെ കരുത്തുറ്റ മിഷനറിമാർ എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ നന്ദി.

**ബൈബിൾ ഞായർ ആഘോഷം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഡിസംബർ 26 ബൈബിൾ ഞായർ ആയി ആഘോഷിച്ചു. ദൈവം സ്നേഹമാണെന്ന് ലോകത്തോട് പറയാൻ ബൈബിൾ പ്രതിഷ്ഠയിലൂടെയും ബൈബിൾ പാരായണത്തിലൂടെയും, ബൈബിൾ റാലിയിലൂടെയും, വചനം മാംസം ധരിച്ചവൻ കരുതിവച്ച ദൈവസ്നേഹത്തിന്റെ അക്ഷയ പാത്രം മാനവ ഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ ബൈബിൾ ഞായർ ആഘോഷത്തിലൂടെ സാധിച്ചു. അന്നേ ദിനം വിവിധ പരിപാടികളോടെ പ്രേഷിത സമ്മേളനവും നടത്തി. ആതിഥേയത്വം നൽകിയ അരിഞ്ചേർമല ശാഖാഗംങ്ങൾക്കും ശാഖ ഡയറക്ടർ ഫാ. ബാബു മൂത്തേടത്തിനും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, ഇടവക സമൂഹം മുഴുവനും രൂപതാ കുടുംബത്തിന്റെ നന്ദി

**പ്രേഷിതവാരം 2022**

സീറോ മലബാർ സഭ പ്രേഷിതവാരം രൂപതാതല ഉദ്ഘാടനം മക്കിയാട് ശാഖയിൽ വച്ച് നടത്തി. 2022 ജനുവരി 6 മുതൽ 12 വരെ നടത്തിയ പ്രേഷിത വാരാഘോഷത്തിൽ മിഷൻ പ്രതിജ്ഞ, മിഷൻ രൂപതകളെ പരിചയപ്പെടൽ, മിഷൻ രൂപതയെ ദത്തെടുത്തുള്ള പ്രാർത്ഥന, ഇടവകയിൽ നിന്നുള്ള മിഷണറിമാരെ പരിചയപ്പെടൽ, മിഷൻ കളക്ഷൻ, പ്രേഷപാരായണതാഹ്വാനമുള്ള തിരുവചനങ്ങളുടെ പഠനം, മിഷണറിമാർക്ക് വേണ്ടിയുള്ള ജപമാല, തുടങ്ങിയ പരിപാടികൾ ശാഖ മേഖല രൂപതാതലത്തിൽ നടന്നു. രൂപതാതല പ്രേഷിത വാര സമാപന സന്ദേശം മാനന്തവാടി രൂപതാംഗമായ പഞ്ചാബ് മിഷനിൽ ജോലി ചെയ്യുന്ന ഫാ. റ്റിബിൻ ചക്കുളത്തിൽ നൽകി.

**ദർശന 2021**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ദർശന 2021 എന്ന പേരിൽ ഏകദിന സെമിനാറും ജൂനിയർ ടീം രൂപീകരണവും സംഘടിപ്പിച്ചു. രണ്ടു ദിവസങ്ങളിലായി മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിലും ദ്വാരക പാസ്റ്ററൽ സെന്ററിലും വച്ച് നടന്ന സെമിനാറിൽ മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ നിന്നുള്ള മിഷൻ ലീഗ് പ്രതിനിധികൾ പങ്കെടുത്തു. ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന ഡയറക്ടറും മാനന്തവാടി രൂപത ഡയറക്ടറുമായ ഫാ. ഷിജു ഐക്കരക്കാനായിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ പുരക്കൽ, അരുൺ പേഴേക്കാട്ടിൽ, സിനീഷ് ആപ്പുഴ എന്നിവർ ക്ലാസുകൾ നയിച്ചു.

**ഉറവ് 2021**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഉറവ് 2021 എന്നപേരിൽ മേഖല ഭാരവാഹിസംഗമവും ദ്വിദിന ക്യാമ്പും സംഘടിപ്പിച്ചു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ക്യാമ്പിൽ വിവിധ മേഖലയിലെ ഭാരവാഹികൾ പങ്കെടുത്തു. ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന ഡയറക്ടറും മാനന്തവാടി രൂപത ഡയറക്ടറുമായ ഫാ. ഷിജു ഐക്കരക്കാനായിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷതവഹിച്ചു. സോയി കൈതാരത്ത്, സിനീഷ് ആപ്പുഴ, സെബാസ്റ്റ്യൻ പുരയ്ക്കൽ, ബിനീഷ് തുമ്പിയാംകുഴിയിൽ, അജീഷ് എടപ്പാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു.

**അഭിനന്ദനങ്ങൾ**

പത്ര വിശേഷങ്ങൾ ടെലിവിഷൻ വാർത്ത അവതരണ ശൈലിയിൽ അവതരിപ്പിച്ച് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയ ചെറുപുഷ്പ മിഷൻ ലീഗ് മൊതക്കര ശാഖാ അംഗം ജോസ്ന പി ജോസഫിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബം അഭിനന്ദനങ്ങൾ അറിയിച്ചു.

**നവ വൈദീകർക്ക് ആശംസകൾ**

നിത്യ പുരോഹിതന്റെ ശുശ്രൂഷ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ച മാനന്തവാടി രൂപതയിലെ 7 നവ വൈദീകർക്ക് ആശംസകൾ നേർന്നു.

MISSION QUEST

പ്രേഷിത വാരാചരണത്തോടനുബന്ധിച്ച് സീറോമലബാർ സഭാ തലത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ മാനന്തവാടി രൂപതയിൽ നിന്നും റോസ്‌ലാൻഡ് ചെറിയാൻ (പനമരം ശാഖ) ഒന്നാം സ്ഥാനവും, ബെൻഹർ ഈശോ ചെറിയാൻ (പനമരം ശാഖ) രണ്ടാം സ്ഥാനവും ലിയ എസ് ഷജിൽ(മൂലങ്കാവ്) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മുതിർന്നവരുടെ ഇടയിൽ നിന്ന്. സി. ആൻസി ടോം കാട്ടിക്കുളം, അഞ്ജന തോമസ് സി കയ്യൂന്നി, ത്രേസ്യ കെ. എം. പനമരം എന്നിവർ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**മേഖല വാർത്തകൾ :-**

**തരിയോട് മേഖല**

തരിയോട് മേഖലയിലെ 10 ശാഖകൾ ചേർന്ന് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. ക്രിസ്മസ്സിന് ഒരുക്കമായി 25 ദിവസവും മെസ്സേജ് കൊടുത്തു. കരോൾ ഗാന മൽസരം നടത്തി. 8 ശാഖകളിൽ നിന്ന് പങ്കെടുത്തു. ഒന്നാം സ്ഥാനം കോട്ടത്തറ ശാഖയും, രണ്ടാം സ്ഥാനം മഞ്ഞുറ ശാഖയും, മുന്നാം സ്ഥാനം തരിയോട് ശാഖയും കരസ്ഥമാക്കി. വിജയികൾക്ക് സമ്മാനം നൽകി. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി കൂടി മാനന്തവാടി ചെറുപുഷ്പ മിഷൻലീഗ് രൂപതാ പ്രസിഡന്റ് ബഹുമാനപ്പെട്ട രഞ്ജിത്ത് മുതുപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. തരിയോട് ഫോറോന വികാരി ഫാ. സജി പുഞ്ചയിൽ അധ്യക്ഷപദം അലങ്കരിച്ചു.

**ദ്വാരക മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ പ്രവർത്തന വർഷത്തിൽ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ പ്രത്യേകമായി വിലയിരുത്തി. അതിൻപ്രകാരം തോണിച്ചാൽ ശാഖയും കൊമ്മയാട് ശാഖയും ഒന്നാം സ്ഥാനവും വെള്ളമുണ്ട ശാഖ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട് ദ്വാരക മേഖല ഒരുക്കിയ കരോൾഗാന മത്സരത്തിൽ ദ്വാരക ഒന്നാം സ്ഥാനവും വിളമ്പുകണ്ടം രണ്ടാം സ്ഥാനവും തോണിച്ചാൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പുൽക്കൂട് നിർമ്മാണം മത്സരത്തിൽ വെള്ളമുണ്ട ഒന്നാം സ്ഥാനവും തോണിച്ചാൽ രണ്ടാം സ്ഥാനവും കൊമ്മയാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഡിസംബർ മാസത്തിൽ അർദ്ധവാർഷിക മാനേജിങ് കമ്മിറ്റി നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**ശാഖ വാർത്തകൾ**

**മരക്കടവ്:** ഡിസംബർ 1 മുതൽ 25 വരെ വചന പുൽക്കൂട് എന്നപേരിൽ വചനം പഠിക്കുകയും, എല്ലാം ദിവസവും വൈകുന്നേരം 7 മണിക്ക് ബൈബിൾക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ക്രിസ്തുമസിനോട് അനുബന്ധിച്ച് *ബോൺ നത്താലെ* എന്ന പേരിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ക്രിസ്തുമസ്ട്രീയും, വചന മരവും നിർമ്മിച്ചു. ലക്കി ട്രിപ്പ് നടത്തി. 1 മുതൽ 25 വരെ ദേവാലയത്തിൽ സുകൃതജപങ്ങൾ ചൊല്ലി പ്രാർത്ഥിച്ചു. ജപമാല നിർമ്മാണവും വിതരണവും നടത്തി. ഭിന്നശേഷി വാരാചരണത്തിന് ബത്തേരി ബി. ആർ. സി സംഘടിപ്പിച്ച ബത്തേരി ഉപജില്ലാ കഥപറയൽ മത്സരത്തിൽ തിരുബാലസഖ്യ അംഗം അലീന ഷിജു കുന്നേൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഫാദർ ജോബി കിടങ്ങേത്തിന്റെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് ദേവാലയവും പരിസരവും അലങ്കരിച്ചു. അച്ചന് ആശംസകൾ നേർന്നു.

**വഞ്ഞോട്:** ക്രിസ്തുമസിനോടനുബന്ധിച്ച് CML അംഗങ്ങൾ വിവിധങ്ങളായ സൽകൃത്യങ്ങളും, സുകൃതങ്ങളും അനുഷ്ഠിച്ചു. ക്രിസ്മസ് കരോളിൽ പങ്കുചേർന്നു. KCYM നോട് ചേർന്ന് ഇടവകയിൽ പുൽക്കൂട്, ക്രിസ്മസ് ട്രീ തയ്യാറാക്കി. ഡിസംബർ 28 കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനം അനുസ്മരണം നടത്തി പ്രാർത്ഥിച്ചു

**കളത്തുവയൽ :** ക്രിസ്തുമസിന് ഒരുക്കമായുള്ള സുകൃതങ്ങൾ 25 ദിവസങ്ങളിലായി മിഷൻ ലീഗ് ഗ്രൂപ്പിലും, ഇടവക ഗ്രൂപ്പിലും പോസ്റ്റ് ചെയ്തു. കുഞ്ഞു മൊഴികളിലെ പുൽക്കൂടിന് ജോയൽ ഇടശ്ശേരി തോട്ടത്തിൽസമ്മാനാർഹനായി. മിനി CRIB മത്സരംനടത്തി. CRIB പ്രദർശനം നടത്തി. സമ്മാനാർഹരായവർക്ക് ക്യാഷ് പ്രൈസ് നൽകി. 25 ദിവസം പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. പാതിരാ കുർബാനയ്ക്ക് ശേഷം കുട്ടികൾ ഫ്ളാഷ്മോബ് അവതരിപ്പിച്ചു. ക്രിസ്തുമസ് ബേബിയെ നറുക്കെടുപ്പ് സമ്മാനം നൽകി. ബൈബിൾ റാലിയും, ബൈബിൾപ്രതിഷ്ഠയും, ബൈബിൾ പാരായണവും നടത്തി. ഭവന സന്ദർശനങ്ങൾ നടത്തി. മിഷൻസ്റ്റാൾ ഒരുക്കി. മിഷൻലീഗ് അംഗങ്ങൾ ധനശേഖരണാർത്ഥം പള്ളിപ്പറമ്പിലെ പൊള്ളു പെറുക്കി. അമലോൽഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ പോസ്റ്റർ ഉണ്ടാക്കി എല്ലാ ഗ്രൂപ്പിലും പോസ്റ്റ് ചെയ്തു. തിരുനാളിനോടനുബന്ധിച്ച് സിഎംഎൽ അംഗങ്ങൾക്കായി മാതാവിന്റെ സ്തോത്രഗീതം മത്സരം നടത്തി. വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**പനമരം :** ഡിസംബർ 1 മുതൽ 24 വരെ വചന സുകൃതങ്ങളടങ്ങിയ സുകൃത മഞ്ജരി നൽകി. 24 ദിവസവും ഇത് കൃത്യമായി ചെയ്തവർക്ക് സമ്മാനങ്ങൾ നൽകി. ഇടവകയിലെ ഓരോ ഭവനത്തിലും നിർമ്മിച്ച പുൽക്കൂടുകൾ കണ്ടെത്തി ഏറ്റവും മികച്ചവയ്ക്കു PRIZE നൽകി. ക്രിസ്മസ് ട്രീ ഒരുക്കി.വേദപാഠ കുട്ടികൾക്കായി സെമിനാർ നടത്തി. നോട്ട്ബുക്ക് പഠനോപകരണങ്ങൾ വിതരണം നടത്തി. നവജ്യോതി OLD AGE ഹോമിൽ 25 നൈറ്റി വിതരണം ചെയ്തു.

**അപ്പപ്പാറ :** ക്രിസ്തുമസിന് ഒരുക്കമായി സുകൃതകൂട്ട് എന്ന പേരിൽ ഓരോ ദിവസങ്ങളിൽ ഓരോ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. പോസ്റ്റർ തയ്യാറാക്കി. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഇടവകയിലെ കുടുംബനാഥൻമാരെ ആദരിച്ചു. ശാഖാംഗങ്ങൾ സ്വന്തമായി ക്രിസ്തുമസ് കാർഡുകൾ നിർമ്മിച്ച മേഖലാ രൂപതാ നേതൃത്വത്തിൽ ഉള്ളവർക്കും, വിവിധ വൃദ്ധ ഭവനങ്ങളിലേക്കും ആശംസകൾ നേർന്ന് അയച്ചു. തിരുപ്പിറവിയുടെ സന്ദേശം അറിയിച്ചുകൊണ്ട് വീഡിയോ തയ്യാറാക്കി.

**അമ്പലവയൽ :** ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് അമ്പലവയൽ ശാഖയും, ഇടവക ജനങ്ങളും, പ്രിയ ബഹുമാനപ്പെട്ട ജിജോ

കപ്പൂച്ചിൻ അച്ചന്റെ നേതൃത്വത്തിലുള്ള ടീമിനോട് സഹകരിച്ച് ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു കുടുംബത്തിന് ജൂബിലി സ്നേഹവീട് നിർമ്മിച്ചു നൽകി. മിഷൻ ലീഗ് അംഗങ്ങൾ ഇഷ്ടിക ചലഞ്ച്, സിമന്റ് ചലഞ്ച്, വ്യത്യസ്തങ്ങളായ മറ്റു ചലഞ്ചുകൾ എന്നിവ നടത്തിയും, ഇടവക ജനങ്ങൾ നൽകിയ സംഭാവനകൾ സ്വീകരിച്ചും ആണ് സ്നേഹ വീടിന്റെ പണി പൂർത്തീകരിച്ചത്. ചെറുപുഷ്പ മിഷൻ ലീഗ് അമ്പലവയൽ ശാഖ എക്സിക്യൂട്ടീവ് അംഗങ്ങളും മതബോധന പ്രധാനാധ്യാപകന്റെ നേതൃത്വത്തിലുള്ള മതാധ്യാപക കൂട്ടായ്മയും, ഇടവകയിലെ യുവജനങ്ങളും, ബഹുമാനപ്പെട്ട വികാരിയച്ചന്റെ നിർദ്ദേശങ്ങളനുസരിച്ച് ഈ കാരുണ്യ പ്രവർത്തനത്തിന് നേതൃത്വം നൽകി. സ്നേഹവീട് വെഞ്ചിരിപ്പ് കർമ്മം ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. ചാക്കോ മേപ്പുറത്ത് നിർവഹിച്ചു.

പുതുവർഷത്തിൽ, ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റു വാങ്ങി, കർമ്മപഥങ്ങൾ പ്രേഷിത വീര്യത്താൽ നിറച്ച്, വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**വഴിവിളക്ക്**

ഏറെ പ്രതിസന്ധികളിലൂടെയും, ആശയകുഴപ്പങ്ങളിലൂടെയും യുവജനങ്ങളും വിദ്യാർത്ഥികളും കടന്ന് പോകുന്ന ഈ കാലഘട്ടത്തിൽ 'വഴിവിളക്ക്' എന്ന പേരിൽ ജീസസ്സ് പ്രൊഫഷണൽ കമ്യൂണിറ്റി അംഗങ്ങൾ അനുദിന തിരുവചനഭാഗത്തെ വചനവും, വിചിന്തനവും കൂട്ടി ചേർത്ത് പോസ്റ്ററുകൾ ഉണ്ടാക്കുന്നു. ഇത് വാട്സാപ്പിലൂടെയും, ഫെയ്സ്സ്ബുക്കിലൂടെയും, മറ്റും യുവജനങ്ങളിൽ എത്തിക്കുന്നു. ഇരുതലവാളിനേക്കാൾ മൂർച്ചയുള്ള വചനം യുവഹൃദയങ്ങൾക്ക് ആശ്വാസവും, സമാധാനവും, ദൈവാശ്രയബോധവും നൽകുവാൻ ഏറെ സഹായകമാകുന്നു.

**പ്രേഷിത വാരം**

ജനുവരി മാസം ആറാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിത വാരമായി ആചരിച്ചു. ഇതിന്റെ ഭാഗമായി JMJ ജീവിതശൈലിയിലൂടെ ക്രിസ്തുവിനെ അനുകരിക്കുന്ന ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ മിഷനെ അറിയുവാനും ആയിരിക്കുന്ന ഇടങ്ങളിൽ ഒക്കെ നല്ല പ്രേക്ഷകരായി തീരുവാനും വേണ്ടി പ്രേഷിത വാരം സമുചിതമായി ആഘോഷിച്ചു.

**ദനഹാ ക്വിസ്**

പ്രേഷിത വാരത്തിന്റെ ആദ്യദിനമായ ദനഹാ തിരുനാളിൽ ദനഹാ ക്വിസ് സംഘടിപ്പിച്ചു. ദനഹായെ സംബന്ധിക്കുന്ന വിശദമായ ഒരുവീഡിയോ വിദ്യാർഥികൾക്ക് നൽകി അതിൻ പ്രകാരം നടത്തിയ ക്വിസ് മത്സരത്തിൽ അലൻ ജോസഫ് ജോയ്, ആഗ്നസ് ഷാജി, മരിയ റോസ്‌ലിൻ, ധാരാ ഷൈൻ, റെയ്ന ഷൊരാജ്, എയ്ഞ്ചൽ ട്രീസ, എന്നിവർ മുഴുവൻ മാർക്ക് നേടി ഒന്നാം സ്ഥാനത്തിനും അലോണ മരിയ പോൾ, ഫിലിപ്പ് ആന്റണി, റിച്ചാർഡ് ടോം, ആൻ ട്രീസാ ജോസ്, നിയ മരിയ ഷാജി, നയൻമരിയ ഷാജി, എന്നിവർ രണ്ടാം സ്ഥാനത്തിനും അർഹരായി. സീറോ മലബാർ

സഭയെ കുറിച്ചും, ദനഹാ തിരുനാളിനെ കുറിച്ചും ആഴത്തിൽ പഠിക്കുവാൻ ഈ ആദ്യദിനം വിദ്യാർത്ഥികൾക്ക് സഹായകമായി My mission പ്രേഷിത വാരത്തിൽ രണ്ടാമതായി അനുഭവം കൊണ്ടും ജീവിതംകൊണ്ടും പ്രേഷിതരായ വൃദ്ധജനങ്ങളെ സമീപിച്ച് അവരുടെ അനുഭവങ്ങൾ ശ്രവിക്കുകയും, അവരെ സഹായിക്കുകയും ചെയ്യുന്ന പ്രേക്ഷിത വേലയായിരുന്നു. ഈ മിഷൻ അനുഭവം വിദ്യാർഥികൾ ഗ്രൂപ്പുകളിൽ പങ്കുവെച്ചു. അവഗണിക്കപ്പെടുന്ന അസ്തിത്വം പോലും നിഷേധിക്കപ്പെടുന്ന വൃദ്ധജനങ്ങൾ ഏറെ വേണ്ടപ്പെട്ടവർ ആണ് എന്നുള്ളത് മനസ്സിലാക്കാനും സ്വന്തമാക്കാനുള്ള ഒരു സാഹചര്യം ഇതുവഴി വിദ്യാർഥികൾക്ക് ലഭ്യമായി. മൈ മിഷൻ പരിപാടിയിൽ ഏറ്റവും നല്ല പങ്കുവെക്കൽ തയാറാക്കിയതിൽ ഒന്നാം സ്ഥാനം ലിബിന സേവ്യർ അമ്പലവയൽ, രണ്ടാം സ്ഥാനം ആൻ മരിയ അജിൻ നിലമ്പൂർ, മൂന്നാം സ്ഥാനം ആൻ മരിയ എസ് വാഴവറ്റ എന്നിവർ കരസ്ഥമാക്കി.

**ബൈബിൾ പാരായണം:**

പ്രേഷിത വാരത്തോടനുബന്ധിച്ച് 3 മണിക്കൂർ നീണ്ടുനിൽക്കുന്ന ബൈബിൾ പാരായണം ഗൂഗിൾ മീറ്റ് വഴി ലൈഫ് ട്രെയിനിങ് വിദ്യാർഥികൾ സംഘടിപ്പിച്ചു. ജനുവരി എട്ടാം തീയതി ശനിയാഴ്ച ആറുമണി മുതൽ 9 മണി വരെ വിദ്യാർത്ഥികൾ ഓരോരുത്തരായി ബൈബിൾ പാരായണം നടത്തി. 60 ലൈഫ് ട്രെയിനിങ് വിദ്യാർഥികൾ ഇതിൽ പങ്കുചേർന്നു. ലൈഫ് ട്രെയിനിങ് കോഡിനേറ്റർ സിസ്റ്റർ ആൻസി തോമസിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ച ബൈബിൾ പാരായണം യൂത്ത്മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കലിന്റെ ആശീർവാദത്തോടെ അവസാനിപ്പിച്ചു. ബൈബിൾ വായനയുടെ പ്രാധാന്യം മനസ്സിലാക്കുവാനും അനുദിന ബൈബിൾ വായന കൂടുതൽ സജീവമാക്കാനും ഇതിലൂടെ വിദ്യാർത്ഥികൾക്ക് സാധിച്ചു.

**പ്രേഷിതനോടൊപ്പം**

പ്രേഷിത വാരത്തിന്റെ ഭാഗമായി നടത്തിയ നാലാമത്തെ പരിപാടിയാണ് 'പ്രേഷിതനോടൊപ്പം' എന്നത് . മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളെ ഫോണിലൂടെയോ നേരിട്ടോ പരിചയപ്പെട്ട് മിഷൻ അനുഭവങ്ങൾ അറിയുന്നതായിരുന്നു ഈ പരിപാടി തങ്ങളുടെ കുടുംബത്തിലും ഇടവകയിലും ഉള്ള പ്രേക്ഷകരോട്, മിഷനറിമാരോട് സംവദിച്ചതുമൂലം വിദ്യാർഥികളിൽ കൂടുതൽ

മിഷൻ ഉണർവ് ലഭ്യമായി. സഭയുടെ വിവിധങ്ങളായ പ്രേഷിത മേഖലകൾ തിരിച്ചറിയാനും കൂടി ഇത് സഹായകമായി. പ്രേഷിത വാരത്തിന്റെ പോസ്റ്ററുകൾ തയ്യാറാക്കിയത് ലൈറ്റ്ട്രെയിനിങ് വിദ്യാർത്ഥിനി ആൻമരിയ അജിൻ ആണ്.

**അഭിനന്ദനങ്ങൾ**

ഈ പ്രേഷിത വാര പരിപാടികൾക്ക് നേതൃത്വം വഹിച്ചത് യൂത്ത് മിനിസ്ട്രി ഡയറക്ടറായ ഫാ. ലാൽ ജേക്കബ് പൈനുംങ്കലും ടീമംഗങ്ങളും ആണ്.

## The Most Holy Name Of Jesus

ഈശോയുടെ തിരുനാമത്തിന് പ്രത്യേകം പ്രതിഷ്ഠിതമായി രിക്കുന്ന ജനുവരി മാസം മുഴുവനും ലൈഫ് ട്രെയിനിങ് വിദ്യാർത്ഥി കളുടെ നേതൃത്വത്തിൽ സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് സോഷ്യൽ മീഡിയയിലൂടെ അനേകരിലേക്ക് എത്തിക്കുന്നു. യേശു നാമ ത്തിന് ശക്തി കൂടുതൽ ഇടങ്ങളിലേക്ക് എത്തിക്കുവാൻ ഇതുവഴി സാധിക്കുന്നു. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിന്റെ നേതൃത്വ ത്തിലാണ് യേശു നാമത്തിന്റെ ശക്തി പ്രകടമാക്കുന്ന സ്റ്റാറ്റസ് വീഡിയോസ് നിർമ്മിക്കുന്നത്.

**ചാവരുൾ**

2022 ജനുവരി മാസം ഒന്നാം തീയതി വിശുദ്ധ ചാവറ പിതാവിന്റെ മരണത്തിന്റെ 151-ാം വാർഷികത്തോടനുബന്ധിച്ച് ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ നവദിന ഒരുക്കം നടത്തി പ്രാർത്ഥിച്ചു. ഒൻപത് ദിനങ്ങളിലും *ചാവരുൾ* എന്ന പേരിൽ ചാവറ പിതാവിന്റെ പ്രധാന സന്ദേശങ്ങളും ഗാനങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി. ചാവറ പിതാവിന്റെ കുടുംബങ്ങൾക്കുവേണ്ടിയുള്ള സന്ദേശങ്ങൾ ഇതുമൂലം അനേകം കുടുംബങ്ങളിലേക്ക് എത്തിക്കു വാൻ സഹായകമായി.

**അഭിനന്ദനങ്ങൾ**

ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് 2022 ൽ ഇടം നേടി കൊണ്ട് ലൈഫ്ട്രെയിനിങ് 2019 ബാച്ചിലെ ജോസ്ന പി ജോസഫ്. കോവിഡ് കാലത്ത് വിദ്യാർഥികൾക്കു വേണ്ടി ലൈഫ് ട്രെയിനിങ് ഒരുക്കിയ പുതിയ ടാസ്ക്ക് ആയിരുന്നു ന്യൂസ് റീഡിങ്. ഇതിനോട് സഹകരിച്ചു

രണ്ടുവർഷം തുടർച്ചയായി ന്യൂസ് അവതാരകരെ പോലെ പത്രവാർത്ത നടത്തി യൂട്യൂബിലും സ്റ്റാറ്റസിലും സ്ഥിരമായി പങ്കു വെച്ചു കൊണ്ടാണ് ഈ കൊച്ചുമിടുക്കി ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയത്. ജോസ്നയ്ക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**സ്നോ ബോൾസ്**

ക്രിസ്തുമസിനോടടുത്ത് ഉണ്ണിയേശുവിനെ വരവേൽക്കാൻ ഒരുങ്ങുന്ന നാളുകളിൽ സ്നോബോൾസ് എന്ന പേരിൽ വ്യത്യസ്ത ങ്ങളായ വീഡിയോകൾ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ തയ്യാറാക്കി. ക്രിസ്മസ്കാലത്തെ ഓരോ വസ്തുവിന്റെയും ഉദാഹരണ മായി ക്രിസ്മസ് ട്രീ, ക്രിസ്മസ് പപ്പാ, തുടങ്ങിയവയുടെ പ്രത്യേകത കളും വിശേഷണങ്ങളും ചരിത്രവസ്തുതകളും ഉൾപ്പെടുത്തി വീഡിയോസ് തയ്യാറാക്കുകയായിരുന്നു സ്നോബോൾസിലൂടെ. സാമൂഹ്യമാധ്യമങ്ങളിലൂടെ ഇത് അനേകരിലേക്ക് എത്തിക്കുവാനും പ്രചോദനം നൽകുവാനും സാധിച്ചു. ഇതിന് നേതൃത്വം വഹിച്ച ടെസ്വിൻ ജോഷി വഞ്ഞോടിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**ദിവ്യകാരുണ്യ സന്നിധിയിൽ**

2021 വർഷത്തിൽ ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറഞ്ഞു കൊണ്ടും പുത്തനാണ്ടിനെ പുതു നന്മകളോടെ ഉൾക്കൊള്ളുവാനും വേണ്ടി ആരാധന നടത്തി ഒരുങ്ങി. 2021 ഡിസംബർ 31 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ ആരാധനയിൽ യൂത്ത് മിനി സ്ട്രി കുടുംബം മുഴുവനും ഒരുമിച്ച് പങ്കുചേർന്നു.

**അഭിമാനത്തോടെ**

പ്രശസ്ത കരിയർ മെന്ററും എഡ്യൂക്കേഷണൽ ട്രെയിനറും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ റിസോഴ്സ് ടീമംഗവുമായ ശ്രീ. ഐസക് തോമസ് സാർ കരിയർ ഗൈഡൻസിനുള്ള Phd പഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് കരസ്ഥമാക്കിയിരിക്കുന്നു. ഐസക് സാറിന് യൂത്ത് മിനിസ്ട്രിയുടെ എല്ലാവിധ അനുമോദനങ്ങളും.

**നാഷണൽ യൂത്ത് ഡേ**

2022 ജനുവരി പന്ത്രണ്ടാം തീയതി നാഷണൽ യൂത്ത്ഡേ യുവർ നെയ്ബെർ അസോസിയേഷന്റെയും ലൈഫ് ട്രെയിനിങ്ങിന്റെയും

നേതൃത്വത്തിൽ നടത്തി. യുവജനങ്ങളും വിദ്യാർത്ഥികളും പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കുകയും സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. ലൈഫ് വിദ്യാർഥികൾക്കുവേണ്ടി പോസ്റ്റർ കോമ്പറ്റീഷൻ സംഘടിപ്പിച്ചു. 14 പേർ പങ്കെടുത്ത മത്സരത്തിൽ ഏബൽ തോമസ് ഒന്നാം സ്ഥാനവും ജിയന്നാ മരിയ രണ്ടാം സ്ഥാനവും ആൻമരിയ അജിൻ മൂന്നാം സ്ഥാനവും സ്വന്തമാക്കി. ഇതിനു നേതൃത്വം വഹിച്ചത് സോഷ്യൽ ഡേ ഒബ്സെർവേഴ്സ് ആയ ആൻമരിയ എസും, അഞ്ചലയും ആണ്.

**ഇന്ത്യൻ ആർമി ഡേ**

2022 ജനുവരി 15-ാം തീയതി യുവർ നെയ്ബർ അസോസിയേഷന്റെ നേതൃത്വത്തിൽ ആർമി ഡേ ആചരിച്ചു. അന്നേ ദിനം വിദ്യാർഥികൾക്കായി ക്വിസ് കോമ്പറ്റീഷനും വീഡിയോ മേക്കിങ് കോമ്പറ്റീഷനും സംഘടിപ്പിച്ചു. ക്വിസ്സ് കോമ്പറ്റീഷനിൽ അലോണ മരിയ പോൾ ഒന്നാം സ്ഥാനവും അൻഷാ ഷാജു രണ്ടാം സ്ഥാനവും നേടി. വീഡിയോ മേക്കിങ്ങ് മത്സരത്തിൽ ആൻമരിയ ബിനോയി ഒന്നാം സ്ഥാനവും, ആൻ മരിയ അജിൻ, അമൽജോർജ് ക്രിസ്റ്റി എന്നിവർ രണ്ടാം സ്ഥാനവും, അലോണ മരിയ പോൾ മൂന്നാം സ്ഥാനവും സ്വന്തമാക്കി. ഈ മത്സരങ്ങൾക്ക് നേതൃത്വം നൽകിയത് സോഷ്യൽ ഡേ ഒബ്സെർവേഴ്സായ ജിയന്ന മരിയ, ആൻമരിയ എസ്, ആഞ്ജല എന്നിവരാണ്. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**വാർഷിക സെനറ്റും രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പും**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2022 ജനുവരി 1 ന് ദ്വാരക കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ പതാക ഉയർത്തി. ഉദ്ഘാടന സമ്മേളനത്തിന് സി. സാലി സിഎംസി വചനപ്രതിഷ്ഠ നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അദ്ധ്യക്ഷനായിരുന്ന വേദിയിൽ ബത്തേരി മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീ. ടോം ജോസ് ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.വൈ.എം സഹരക്ഷാധികാരിയും മാനന്തവാടി രൂപതയുടെ വികാരി ജനറാളുമായ മോൺ. പോൾ മുണ്ടോളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. മാനന്തവാടി രൂപത മുൻ പ്രസിഡന്റ് ആന്റണി മങ്കടപ്ര ആശംസകളർപ്പിച്ചു. തുടർന്ന് മേഖലാ റിപ്പോർട്ടുകളും, രൂപതാ റിപ്പോർട്ടും കണക്കും അവരിപ്പിച്ചു പാസാക്കി. പ്രമേയ അവതരണത്തിനും സംഘടനാതല ചർച്ചയ്ക്കും ശേഷം 2022 വർഷത്തിൽ രൂപതയെ നയിക്കേണ്ട ഭാരവാഹികളെ തെരഞ്ഞെടുത്തു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

**2022-ലെ രൂപതാ നേതൃത്വം (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

| സ്ഥാനം | പേര്, വീട്ടുപേര് | മേഖല | യൂണിറ്റ് |
|---|---|---|---|
| പ്രസിഡന്റ് - | ശ്രീ. റ്റിബിൻ പാറക്കൽ | കൽപ്പറ്റ | റിപ്പൺ |
| വൈസ് പ്രസിഡന്റ് - | കുമാരി. നയന മുണ്ടയ്ക്കാത്തടത്തിൽ | ദ്വാരക | കൊമ്മയാട് |
| ജനറൽ സെക്രട്ടറി - | ശ്രീ. ഡെറിൻ കൊട്ടാരത്തിൽ | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| സെക്രട്ടറിമാർ | - കുമാരി. അമൽഡ തൂപ്പുംകര | പയ്യമ്പള്ളി | കമ്മന |
| | - ശ്രീ. ലിബിൻ മേപ്പുറത്ത് | കല്ലോടി | വഞ്ഞോട് |
| ട്രഷറർ | - ശ്രീ. അനിൽ അമ്പലത്തിങ്കൽ | നടവയൽ | ചുണ്ടക്കര |

കോഡിനേറ്റർ - ശ്രീ. ബ്രാവോ പുത്തൻപറമ്പിൽ ബത്തേരി ബത്തേരി

**2022 - ലെ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ**

ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ (മേഖല: ദ്വാരക യൂണിറ്റ്: കൊമ്മയാട്)

കുമാരി. ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ (മേഖല: മണിമൂളി യൂണിറ്റ്: മണിമൂളി)

**2022 - ലെ സംസ്ഥാന സെനറ്റ് അംഗങ്ങൾ**

ശ്രീ. ജിയോ മച്ചുകുഴിയിൽ (മേഖല: കല്ലോടി യൂണിറ്റ്: വാളേരി)

കുമാരി. റ്റെസിൻ തോമസ് വയലിൽ (മേഖല: നടവയൽ യൂണിറ്റ്: പനമരം)

ശ്രീ. ജെസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ (മേഖല: നിലമ്പൂർ യൂണിറ്റ്: വള്ളിക്കെട്ട്)

ശ്രീ. ഡെറിൻ കൊട്ടാരത്തിൽ (മേഖല: ചുങ്കക്കുന്ന് യൂണിറ്റ്: ചുങ്കക്കുന്ന്)

**2022 – ലെ രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ**

**Ex – Officio Members**:

റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ, റവ. സി. സ്മിത എസ് എ ബി എസ്.

**സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ:**

ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ.

**സംസ്ഥാന സെനറ്റ് അംഗങ്ങൾ:**

ജിയോ ജെയിംസ് മച്ചുകുഴിയിൽ, കുമാരി റ്റെസിൻ തോമസ് വയലിൽ, ശ്രീ. ജെസ്റ്റിൻ ലൂക്കോസ് നീലംറമ്പിൽ, (Director's Rep) ഫാ. റെജി മുതുകത്തനാനി, (Animator's Rep) സി. ഡോ. നാൻസി എസ് എ ബി എസ് എന്നിവരും.

**മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ**

ഡെറിൻ കൊട്ടാരത്തിൽ, ബെറ്റി പുതുപറമ്പിൽ (ചുങ്കക്കുന്ന് മേഖല), ബ്രാവോബിനു പുത്തൻപറമ്പിൽ, ആൻ മേരി കൈനിക്കൽ (ബത്തേരി മേഖല), നയന മുണ്ടയ്ക്കാത്തടത്തിൽ, ഷിതിൻ അർപ്പത്താനത്ത് (ദ്വാരക മേഖല), ലിബിൻ മേപ്പുറത്ത്, ബ്ലെസ്സി കള ത്തനാനിയ്ക്കൽ (കല്ലോടി മേഖല), റ്റിബിൻ വർഗ്ഗീസ് പാറയ്ക്കൽ, ജോസ്ലിൻ കദളിമറ്റം (കൽപ്പറ്റ മേഖല), അനിൽ സണ്ണി അമ്പല ത്തിങ്കൽ, മരിയ ജോൺ പീച്ചാപ്പിള്ളിൽ (നടവയൽ മേഖല), ജിജിന ജോസ് കറുത്തേടത്ത്, അതുൽ വി റോയി വള്ളിക്കാവുങ്കൽ (മാനന്തവാടി മേഖല) ആൽബിൻ കൂട്ടുങ്കൽ, ജിസ്ന നിരപ്പുതൊട്ടി

യിൽ (മുള്ളൻക്കൊല്ലി മേഖല) റോബിൻ വടക്കേക്കര, നീതു കോലത്താംവയലിൽ (മണിമൂളി മേഖല) ജോജോ ജെയിംസ് തോപ്പിൽ, മെലിൻ ആന്റണി പുളിക്കിയിൽ (നീലഗിരി മേഖല) തെരെസ ജോഷി കളരിക്കൽ, (നിലമ്പൂർ മേഖല), ഷിബിൻ ചക്കു ളത്തിൽ, അമൽഡ തൂപ്പുംകര (പയ്യമ്പള്ളി മേഖല) സെലിൻ പുതിയാ പറമ്പിൽ, അലൻ തോപ്പിൽ (തരിയോട് മേഖല).

**ആദരിക്കലും യാത്രയയപ്പ് സമ്മേളനവും**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ വളരെക്കാലം പ്രവർത്തനനിരതരായി 35 വയസ്സ് പൂർത്തിയാക്കി പടിയിറങ്ങുന്ന രൂപതയുടെ മുൻ പ്രസിഡന്റമാരായ ശ്രീ. ബിബിൻ ചെമ്പക്കര, ശ്രീ. എബിൻ മുട്ടപ്പള്ളി, ശ്രീ. ആന്റണി മങ്കടപ്ര, മാനന്ത വാടി രൂപതാ മുൻ ഭാരവാഹിയായ ശ്രീ. ബിനു വാണിയപള്ളി, പയ്യമ്പള്ളി മേഖല മുൻ പ്രസിഡന്റ് ശ്രീ. ജോയ്സ് പുൽപ്പറമ്പിൽ എന്നിവർക്കും നിയമാവലി പരിഷ്കരണ കമ്മിറ്റി അംഗങ്ങളായ ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബിജു മാത്യു അരീക്കാട്ട് എന്നിവർക്കും മെമന്റോ നൽകി ആദരിച്ചു.

**അവാർഡുകൾ നല്കി**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ 2021 പ്രവർ ത്തന വർഷത്തിൽ മികച്ച മേഖലയായി തെരഞ്ഞെടുക്കപ്പെട്ട ചുങ്ക ക്കുന്ന്, മികച്ച യൂണിറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ട തോണിച്ചാൽ, മികച്ച മേഖലാ പ്രവർത്തകൻ ലിബിൻ മേപ്പുറത്ത് (കല്ലോടി മേഖല), മികച്ച മേഖല പ്രവർത്തക ബെറ്റി അന്നാ ബെന്നി പുതുപ്പറമ്പിൽ (ചുങ്കക്കുന്ന് മേഖല), മികച്ച യൂണിറ്റ് പ്രവർത്തകൻ അജയ് മുണ്ട യ്ക്കൽ (തോണിച്ചാൽ യൂണിറ്റ്), പ്രവർത്തക മെർലിൻ പുള്ളോ ലിക്കൽ (ദ്വാരക യൂണിറ്റ്), എന്നിവർക്കും 2021 വർഷത്തിൽ സമരിറ്റൻ സേനയിൽ ഏറ്റവും കൂടുതൽ കോവിഡ് മൃതസംസ്കാര ശുശ്രൂ ഷയിൽ സഹകരിച്ച ഷിബിൻ ചക്കുളത്ത്, ലിബിൻ മേപ്പുറത്ത് എന്നി വർക്കും അവാർഡുകൾ നൽകി.

**സംയുക്ത സിൻഡിക്കേറ്റും ഉത്തരവാദിത്ത കൈമാറ്റവും**

രൂപതാ സമിതിയുടെ ഉത്തരവാദിത്ത കൈമാറ്റവും സംയുക്ത സിൻഡിക്കേറ്റും ജനുവരി 1 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിലിന്റെ

അദ്ധ്യക്ഷതയിൽ 2022 വർഷത്തെ സെക്രട്ടറിയേറ്റ് അംഗങ്ങൾ ശ്രീ. റ്റിബിൻ പാറക്കലിനോടൊപ്പം ഉത്തരവാദിത്വം ഏറ്റെടുത്തു. പ്രസ്തുത യോഗത്തിൽ വച്ച് 2022 വർഷത്തെ രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

**അഭിവന്ദ്യ പിതാവിനോടൊപ്പം**

2022 പ്രവർത്തന വർഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കെ.സി. വൈ.എം രൂപത സമിതി ജനുവരി 3 ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവുമായി കൂടിക്കാഴ്ച നടത്തി. പുതിയ പ്രവർത്തന വർഷത്തിലേക്ക് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും പിതാവിന്റെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പിതാവിൽ നിന്നും അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കലച്ചനെയും രൂപതാ ടീം സന്ദർശിച്ചു.

**44-ാംമത് സംസ്ഥാന വാർഷിക സെനറ്റ്**

കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിന്റെ 44-ാംമത് വാർഷിക സമ്മേളനം പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ 2022 ജനുവരി 7, 8, 9 തീയതികളിൽ യുവക്ഷേത്ര ആർട്സ് ആൻഡ് സയൻസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, ആനിമേറ്റർ സി. സാലി സിഎംസി, സംസ്ഥാന സെക്രട്ടറി കുമാരി. റോസ് മേരി തേറുകാട്ടിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, കുമാരി. ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ സംസ്ഥാന സെനറ്റ് അംഗങ്ങളായ കുമാരി. റ്റെസിൻ തോമസ് വയലിൽ, ശ്രീ. ഡെറിൻ കൊട്ടാരത്തിൽ എന്നിവർ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**സംസ്ഥാന കലോത്സവം:**

ഓവറോൾ മാനന്തവാടി രൂപതയ്ക്ക് ഡിസംബർ 12, 19 തിയതികളിൽ ഓൺലൈനായി സംഘടിപ്പിച്ച കെ. സി. വൈ. എം സംസ്ഥാന കലോത്സവമായ 'ഉത്സവ് 2021' കലാ സാഹിത്യ മത്സരത്തിൽ

മാനന്തവാടി രൂപതചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 32 രൂപതകളിൽ നിന്നും 28 ഇനങ്ങളിലായി ആയിരത്തിൽപ്പരം മത്സരാർത്ഥികൾ പങ്കെടുത്ത കലോത്സവത്തിലാണ് മാനന്തവാടി രൂപതയ്ക്ക് ഓവറോൾ ലഭിച്ചത്. പാലക്കാട് യുവക്ഷേത്ര ആർട്സ് ആൻഡ് സയൻസ് കോളേജിൽ വച്ച് നടന്ന 44-ാംമത് സംസ്ഥാനവാർഷിക സെനറ്റിൽ വെച്ച്, സംസ്ഥാന സെക്രട്ടറി കുമാരി. റോസ് മേരി തേറുകാട്ടിൽ, സംസ്ഥാനസിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, കുമാരി. ഗ്രാലിയ അന്നഅലക്സ് വെട്ടുകാട്ടിൽ സംസ്ഥാന സെനറ്റ് അംഗങ്ങളായ കുമാരി. റ്റെസിൻ തോമസ് വയലിൽ, ശ്രീ. ഡെറിൻ കൊട്ടാരത്തിൽ, ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കൽതോട്ടത്തിൽ, ആനിമേറ്റർ സി. സാലി സിഎംസി എന്നിവർ കലോത്സവ കിരീടം ഏറ്റുവാങ്ങി.

**'ഉത്സവ് 2021' സംസ്ഥാനതല മത്സര വിജയികൾ**

| പേര്, വീട്ടുപേര് | സ്ഥാനം | മേഖല | യൂണിറ്റ് |
|---|---|---|---|
| **നോട്ടീസ് രചന** | | | |
| അനു തടത്തിൽ | II B | മണിമൂളി | മണിമൂളി |
| **ഉപന്യാസം** | | | |
| മെൽബിൻ വടക്കേക്കുടിയിൽ | II A | ദ്വാരക | വിളമ്പുകണ്ടം |
| **കവിതാ രചന** | | | |
| ഫ്രാൻസിസ് വെളിയപ്പിള്ളി | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| **പ്രസംഗം (പെൺ)** | | | |
| ഐറിൻ വാതക്കോടത്ത് | II A | നടവയൽ | നടവയൽ |
| **പ്രസംഗം (ആൺ)** | | | |
| ജോനാഥ് തടങ്ങഴിയിൽ | II A | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| **നാടോടിനൃത്തം BOYS** | | | |
| ഫ്രാൻസിസ് വെളിയപ്പിള്ളി | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| **നാടോടിനൃത്തം GIRLS** | | | |
| അമിത വേഴംപ്പറമ്പിൽ | IA | മാനന്തവാടി | കണിയാരം |
| **മോണോആക്ട്** | | | |
| സാന്ദ്ര നെല്ലൂർ | II A | നടവയൽ | ചുണ്ടക്കര |
| അലൻ ജോസ് കിഴക്കയിൽ | III B | മാനന്തവാടി | കണിയാരം |

**മിമിക്രി**

അലൻ ദാസ് IA ചുങ്കക്കുന്ന് അടയ്ക്കാത്തോട്

**തെരുവ് നാടകം** IA മാനന്തവാടി കണിയാരം

നിയ ജോസ് കച്ചിറയിൽ

സാനിയ പുല്ലാട്ട്

അലൻ ജോസ് കിഴക്കയിൽ

സനഗ് വേങ്ങച്ചുവട്ടിൽ

സോനാ പാറാനി

അലന്റീന മുണ്ടക്കൽ

അമിത ജോയ് വേഴപറമ്പിൽ

അനുഗ്രഹ ചാക്കോ നിരപ്പേൽ

സെബാസ്റ്റ്യൻ കട്ടക്കയം

**മാർഗ്ഗംകളി** IA കല്ലോടി മേഖല കല്ലോടി

സേജൽ ചെറുപ്ലാവിൽ

റിയ കുന്നത്ത്

റിച്ച കുന്നത്ത്

ആഷിത കാരക്കട

ഷാമിനി കോരമംഗലത്ത്

അഞ്ജുഷ കാട്ടാംകോട്ടിൽ

ആഷ്റ്റിലി പടക്കുട്ടിൽ

സംസ്ഥാനകലോൽസവമായ 'ഉത്സവ് 2021' മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

**നേരറിവ് - 2022**

വളച്ചൊടിക്കുന്ന യാഥാർത്ഥ്യങ്ങളിൽ നിന്ന് സത്യത്തിന്റെ മുഖം തിരിച്ചറിയാൻ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ഓൺലൈൻ ചർച്ചാവേദിയാണ് നേരറിവ്. 2022 ജനുവരി 16 ന് ZOOM ഫ്ളാറ്റ് ഫോമിൽ സംഘടിപ്പിച്ച ചർച്ചാവേദിയിൽ 'മാധ്യമ വിചാരണ' പൊതുബോധം - ജുഡീഷ്യറി: 'ജനായത്തം അതിജീവിക്കുമോ'? എന്ന വിഷയത്തിൽ മാനന്തവാടി രൂപത പി.ആർ.ഒ അംഗവും ഫെഡാർ ഫൗണ്ടേഷൻ ഡയറക്ടറുമായ ഫാ. നോബിൾ തോമസ്

പാറക്കൽ, കേരള ഹൈക്കോടതി അഡ്വക്കേറ്റ് ഡാൽബി ഇമ്മാനുവേൽ എന്നിവർ ക്ലാസുകൾ നയിച്ചു. അഭി. മാർ ഫ്രാങ്കോ മുളയ്ക്കൽ പിതാവിന് അനുകൂലമായ കോടതി വിധിയുടെ പശ്ചാത്തലത്തിലായിരുന്നു ചർച്ചകൾ സംഘടിപ്പിച്ചത്. 80 ൽ പരം യുവജനങ്ങൾ പങ്കുചേർന്നു. രൂപതാ സമിതി നേതൃത്വം നൽകിയ ചർച്ചാവേദിയെ വിജയകരമാക്കാൻ പങ്കെടുത്തവർക്കും, ക്ലാസുകൾ നയിച്ചവർക്കും കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, പാലക്കാട് രൂപതയുടെ നിയുക്ത മെത്രാൻ ആയിരിക്കുന്ന അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനും മാനന്തവാടി രൂപത കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു.

**കൃതജ്ഞതയോടെ**

തലശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായി സേവനം ചെയ്തു വിരമിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിനും, പാലക്കാട് രൂപതയുടെ ഔദ്യോഗിക സ്ഥാനത്ത് നിന്നും വിരമിക്കുന്ന മാർ ജേക്കബ് മനത്തോടത്ത് പിതാവിനും മാനന്തവാടി രൂപത കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**നവവൈദീകർക്ക് ആശംസകൾ**

മാനന്തവാടി രൂപതയിൽ നിന്നും വൈദീക ജീവിതാന്തസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന നവവൈദീകർക്ക് അഭിനന്ദനങ്ങളും ഭാവിജീവിതത്തിന് ആവശ്യമായിരിക്കുന്ന പ്രാർത്ഥനകളും അർപ്പിക്കുന്നു.

**നന്ദിയോടെ**

2021 വർഷത്തിൽ മാനന്തവാടി രൂപതയിലെ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എംമിനെ ധീരതയോടെ നയിച്ച സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി. പ്രസ്ഥാനത്തിനു വേണ്ടി സമയവും സാഹചര്യവും കഴിവുകളും എല്ലാം വിനിയോഗിച്ച,

രൂപതാതല പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ നിർവ്വഹിക്കുകയും ചെയ്ത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ, കുമാരി. ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, ശ്രീ. ജിയോ ജെയിംസ് മച്ചുക്കുഴിയിൽ, കുമാരി. റ്റെസിൻ തോമസ് വയലിൽ, ശ്രീ. ജസ്റ്റിൻ നീലംപറമ്പിൽ, ശ്രീ. അഭിനന്ദ് കൊച്ചുമലയിൽ, കുമാരി. ജിജിന കറുത്തേടത്ത്, സംസ്ഥാന സെക്രട്ടറി കുമാരി. റോസ്മേരി തേറുകാട്ടിൽ എന്നിവർക്ക് ഹൃദയപൂർവ്വമായ നന്ദി. പ്രാർത്ഥനയും നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകി പ്രവർത്തന വീഥിയിൽ കൂടെ നടന്ന മേഖലാതലത്തിലും യൂണിറ്റ് തലത്തിലും പ്രവർത്തന സജ്ജരായിരിക്കുന്ന ഡയറക്ഴ്ഷേസ്, ആനിമേറ്റേഴ്സ്, മേഖല, യൂണിറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്കും വിവിധങ്ങളായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വന്ന രൂപതയിലെ മുഴുവൻ യുവജന കൂട്ടുകാർക്കും നന്ദി അർപ്പിക്കുന്നു.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് രുചികരമായ കേക്കുകൾ യുണിറ്റ് തലത്തിൽ വിതരണം ചെയ്തു. SEIMI 2021 എന്ന പേരിൽ പുൽക്കൂട് നിർമ്മാണ മത്സരവും, ക്രിസ്തുമസ്സ് രാവിൽ യുവജന പ്രസ്ഥാനത്തിന്റെ പേരിൽ കലാപരിപാടികൾ സംഘടിപ്പിക്കുകും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം വിവാഹ മണ്ഡപം ക്ലീനിങ്ങ് നടത്തി. കൊച്ചിൻ ക്യാൻസർ സെന്ററിലേക്ക് മുടിമുറിച്ച് നൽകിയതിന്റെ സർട്ടിഫിക്കറ്റ് യുവതികൾക്ക് കൈമാറി.

**കല്ലോടി യൂണിറ്റ്**

യൂണിറ്റ് തല യുവജന സംഗമവും വാർഷിക സെനറ്റും സംഘടിപ്പിച്ചു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് *ബോൺ നതാലെ*, ക്രിസ്തുമസ്സ് ട്രീ, സമ്മാനകൂപ്പൺ എന്നിവ സംഘടിപ്പിച്ചു.

**മരക്കടവ് യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തി. നോമ്പുകാലത്ത് 25 ദിവസവും ഓൺലൈൻ വഴി ഒന്ന്ചേർന്ന് പ്രാർത്ഥിച്ചു. ക്രിസ്തുമസ്സ് നക്ഷത്രം നിർമ്മിച്ച് വില്പന നടത്തുകയും ഫണ്ട് ശേഖരിക്കുകയും ചെയ്തു.

**തവിഞ്ഞാൽ യൂണിറ്റ്**

യൂണിറ്റ് വാർഷിക സെനറ്റിൽ വെച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലാ സെനറ്റിൽ ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മേഖലയിൽ 'Pearl 2021' കലാ-സാഹിത്യ മത്സരങ്ങളുടെ രണ്ടാം സ്ഥാനത്തിനുള്ള ട്രോഫി തവിഞ്ഞാൽ യൂണിറ്റ് കരസ്ഥമാക്കി.

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ജനുവരി 7,8,9 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 76 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് ഫെബ്രുവരി 4,5,6, മാർച്ച് 4,5,6,/ 25,26,27 തിയതികളിൽ.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറി. അടുത്ത മീറ്റിംഗ് ഫെബ്രുവരി 8-ന്.

**ലോഗോസ്**

**ലോഗോസ് ക്വിസ് 2021 രൂപതാതല പരീക്ഷ ഫലം**

ഈ വർഷത്തെ ലോഗോസ് ക്വിസിന് 8760-പേർ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത മൂന്ന് ഇടവകകൾ മണിമൂളി (714), കയ്യൂന്നി (577), ബത്തേരി (507) എന്നിവരാണ്. നേതൃത്വം നൽകിയ ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, സഹപ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. രൂപതാതലത്തിൽ 1-ഉം, 2-ഉം സ്ഥാനങ്ങൾ നേടിയ ജിഷ ചിറമുഖം-96 മാർക്ക് (പോരൂർ), തോമസ് പുതുമനമുഴി 95 മാർക്ക് (പാലേമാട്) എന്നിവർ ജനുവരി 15-ന് എറണാകുളത്ത് വെച്ച് നടന്ന സംസ്ഥാന തല എഴുത്തു പരീക്ഷയിൽ പങ്കെടുത്തു. രൂപതാതലത്തിൽ സമ്മാനർഹരായവർക്കുള്ള സമ്മാനദാനം പിന്നീട് അറിയിക്കുന്നതാണ്.

**മാതൃവേദി**

മണിമൂളി, നിലമ്പൂർ മേഖലകളിലെ 6,7 മക്കളുള്ള മൂന്ന് വലിയ കുടുംബങ്ങളെ രൂപതാ എക്സിക്യൂട്ടീവ് പ്രതിനിധികൾ സന്ദർശിച്ചു. ജനുവരി 11- ന് ഓൺ ലൈൻ രൂപതാ എക്സിക്യുട്ടീവ് കൂടി. മാതൃവേദി അംഗത്വലിസ്റ്റ്, രൂപതാ വിഹിതമായ 300 രൂപ, മാതൃവേദി അന്താരാഷ്ട്ര സമിതിക്കായുള്ള ഒരമ്മ ഒരു രൂപ പദ്ധതിക്കായുള്ള തുക എന്നിവ തരാത്ത ശാഖകൾ ജനുവരി 26-ന് രൂപതയിൽ എത്തിക്കേണ്ടതാണ്.

**തരിയോട് മേഖല**

രൂപതാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. അമ്പലവയൽ ഗാന്ധിനഗറിലേക്ക് ക്രിസ്മസ് കിറ്റ് ആയി 5000 രൂപ നൽകി. പുതിയ മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു

**മുള്ളൻ കൊല്ലി മേഖല**

ക്രിസ്മസിന് ഒരുക്കമായി 25 ദിവസവും പള്ളിയിൽ പോയി പ്രളയം, ന്യൂനമർദ്ദം, പകർച്ചവ്യാധികൾ എന്നിവ വിട്ടകലാനും ലോകം മുഴുവൻ നല്ല കാലാവസ്ഥ ലഭിക്കാനുമായി പ്രാർത്ഥിച്ചു. രൂപതാ മാതൃവേദി സംഘടിപ്പിച്ച കരോൾഗാന മത്സരത്തിൽ മേഖലാ ടീം പങ്കെടുത്തു. കുഞ്ഞിപൈതങ്ങൾ, തിരുക്കുടുംബം, അമലോത്ഭവ മാതാവ് എന്നിവരുടെ തിരുനാളുകൾ ആചരിച്ചു.

ക്രിസ്തുമസ്സിന് ഒരുക്കമായി മേഖലയിലെ എല്ലാ അമ്മമാരും ഒരുമിച്ച് സമ്പൂർണ്ണ ബൈബിൾ പാരായണ വാരം ആഘോഷിച്ചു. നവ വൈദീകർക്ക് പ്രാത്ഥനാശംസകൾ നേർന്നു.

**കുറുമണി** – ക്രിസ്തു മസിനോടനുബന്ധിച്ച് ഭവന സന്ദർശനം നടത്തി. 5500 രൂപയുടെ ക്രിസ്തുമസ് കിറ്റുകൾ സംഭാവന നൽകി. രൂപതാകരോൾഗാന മത്സരത്തിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. *അമ്മ* മാസിക കുടുംബങ്ങൾക്ക് നൽകിവരുന്നു. ഫണ്ട് ശേഖരണാർത്ഥം ചിട്ടി നടത്തി.

**കോട്ടത്തറ–** സുകൃതജപങ്ങൾ ചൊല്ലി ക്രിസ്മസിന് ഒരുങ്ങി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ക്രിസ്മസ് ഫ്രണ്ടിനെ കൈമാറി. നവ വൈദീകർക്ക് പ്രാർത്ഥനാശംസകളോടൊപ്പം സ്നേഹോപഹാരങ്ങളും നൽകി

**മാർട്ടിൻനഗർ –** വിവാഹ തടസം നേരിടുന്ന യുവജനങ്ങൾക്കും തൊഴിൽ രഹിതരായ യുവജനങ്ങൾക്കും വേണ്ടി കരുണക്കൊന്ത, ചെയിൻ റോസറി എന്നിവ ചൊല്ലി കാഴ്ചവച്ചു, ക്രിസ്മസിനൊരുക്കമായി 25 ദിവസവും 25 നിയോഗങ്ങൾവച്ചു പ്രാർത്ഥിച്ചു, ക്രിസ്തുമസ് കേക്ക് വില്പന നടത്തി ഫണ്ട് ശേഖരിച്ചു, നോമ്പിൽ ശേഖരിച്ച ഓഹരികൊണ്ട് ഒരു നിർധന കുടുംബത്തിന് ക്രിസ്തുമസ് കിറ്റും സാമ്പത്തിക സഹായവും നൽകി. മൂന്ന് കുടുംബങ്ങളിൽ രോഗീ സന്ദർശനം നടത്തി. മാതാവിന്റെയും ഈശോയുടെയും സംരക്ഷണ പ്രാർത്ഥന പ്രിന്റ് ചെയ്ത് വീടുകളിൽ നൽകി, മേഖലാതല സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു.

**വാളേരി –** തിരുപിറവിക്കായി 25 നോമ്പ് എടുത്ത് ദിവ്യബലിയിൽ

പങ്കെടുത്തു. കരോൾഗാന വീഡിയോ മേഖലയ്ക്ക് അയച്ചു.ചേന വിളവെടുപ്പ് നടത്തി. ചികിത്സാ സഹായം 5000 രൂപ നൽകി. ജൈവ പച്ചക്കറി തോട്ടം നിർമിക്കുന്നതിനായ് ഓരോ ഭവനത്തിനും 60 പച്ചക്കറി തൈകൾ വീതം വിതരണം ചെയ്തു. പ്രായമായവരെ സന്ദർശിച്ചു. ക്രിസ്തുമസ് കേക്ക് നൽകി. കോളനി വീടുകൾ സന്ദർശിച്ചു. ക്രിസ്തുമസ് സന്ദേശവും കേക്കും സമ്മാനിച്ചു. ഏലീശ്വാ സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. കുഞ്ഞിപൈതങ്ങളെ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ച് മധുരപലഹാരങ്ങൾ നൽകി. അംഗത്വ രജിസ്ട്രേഷൻ നടത്തി.

**വഞ്ഞോട്-** ക്രിസ്തുമസിനോടനുബന്ധിച്ച് അമ്മമാർ ഇടവകാ പരിധിയിലുള്ള അർഹതയുള്ള കടുംബങ്ങളെ കണ്ടെത്തി കേക്ക് വിതരണം നടത്തി. ഇടവകയിൽ നടന്ന അൽഫോൻസാമ്മയുടെ നൊവേനയിലും വിശുദ്ധ കുർബാനയിലും അമ്മമാർ സജീവമായി പങ്കെടുത്തു. ഇടവകയിൽ പുതുക്കി പണിത വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള കുരിശുപള്ളിയുടെ വെഞ്ചരിപ്പിന് പൂക്കൾ വാങ്ങാൻ അമ്മമാർ പണം സ്വരൂപിച്ച് നല്കി. ജനറൽ ബോഡി ചേർന്ന് തിരഞ്ഞെടുപ്പ് നടത്തി

**കൽപ്ര-** അമലോത്ഭവ തിരുനാൾ ആചരിച്ചു വിശുദ്ധ യൗസേപിതാവിന്റെ സമാപന വർഷം ആചരിച്ചു. ക്രിസ്തുമസ് ആഘോഷപൂർവ്വം കൊണ്ടാടി. ക്രിസ്തുമസ് കരോളിൽ പങ്കെടുത്തു എല്ലാ ഗർഭസ്ഥശിശുക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ഭവന സന്ദർശനം നടത്തി ക്രിസ്തുമസ് സന്ദേശവും കേക്കും നൽകി

**തലപ്പുഴ-**ക്രിസ്തുമസ് ആഘോഷപൂർവ്വം കൊണ്ടാടി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. പുതിയ ശാഖാഭാരവാഹികളെ തെരഞ്ഞെടുത്തു. എല്ലാ ഞായറാഴ്ചയും വിശുദ്ധബലിക്കുശേഷം മാതൃവേദി അമ്മമാരെയും കുടുംബത്തെയും അവരുടെ നിയോഗങ്ങളെയും, പ്രവർത്തനങ്ങളെയും സമർപ്പിച്ചു പ്രാർത്ഥിച്ചു.

**നരിവാലമുണ്ട-** ഡിസംബർ 1 മുതൽ 25 വരെ എല്ലാ ദിവസവും രാവിലെ തിരുപ്പിറവിയുമായി ബന്ധപെട്ട വചനഭാഗങ്ങൾ എല്ലാ അമ്മമാരും വായിക്കുകയും ഒരമ്മയുടെ വചന വായനറെക്കോർഡ് ചെയ്ത് എല്ലാ ദിവസവും ഗ്രൂപ്പിൽ ഇടുകയും ചെയ്തു. ഇടവകയിലെ ഒരുനിർദ്ദനകുടുംബത്തിന്റെ ഭവനിർമ്മാണത്തിന് സഹായിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു. മേഖല കരോൾഗാന മത്സരം നടത്തി.

**പുതിയിടം-** മേഖലയിൽ നടത്തിയ കരോൾഗാന മത്സരത്തിൽ

പങ്കെടുത്തു. 25 ദിവസം പള്ളിയിൽ വരികയും, ജപമാലയിലും ആരാധനയിലും കരുണകൊന്തയിലും പങ്കെടുത്തു.

**മാനന്തവാടി-** ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പിന് മാതൃവേദിയിലെ അമ്മമാർ ദിവസവും പള്ളിയിൽപ്പോയി വി. കുർബാനയിൽ പങ്കെടുത്തു.

**കുഞ്ഞോം-** നവ വൈദീകർക്കുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ പാരായണം നടത്തി. അമ്മമാർക്ക് ക്രിസ്മസ് ഫ്രണ്ട് ഇടുകയും ഓരോ ബൈബിൾ വാക്യം കൊടുത്തു ആ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തിരുവചന പാഥേയമായി ദിവസവും ഓരോ വചനം അയച്ചുകൊടുത്തു. മാതാവിന്റെ അമലോത്ഭവ തിരുനാൾ ആഘോഷിച്ചു. രൂപതയിൽ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. MBA പഠിക്കുന്ന ഒരു നിർദ്ദനവിദ്യാർത്ഥിക്ക് ഹോസ്റ്റൽ ഫീസായി 5000 രൂപ നൽകി. ലോഗോസ് പരീക്ഷയ്ക്ക് അമ്മമാർ പങ്കെടുത്തു. സാന്താ മോണിക്ക മധ്യസ്ഥപ്രാർത്ഥന ദിവസവും എല്ലാ അമ്മമാർക്കും അയച്ചുകൊടുത്തു.

**മഞ്ഞൂറ-** ഇടവകയിലെ 10 വാർഡുകൾ ചേർന്ന് സമ്പൂർണ്ണ ബൈബിൾ പരായണം നടത്തി. ലോഗോസ് പരീക്ഷയിൽ പങ്കെടുത്തു ക്രിസ്തുമസ്സിന് ഒരുക്കമായി 25 വചനങ്ങൾ കാണാതെ പഠിച്ച് എഴുതി വിജയികൾ ആവർക്ക് സമ്മാനം നൽകി.

**മണിമൂളി-** എക്സിക്യൂട്ടീവ്, മാനേജിങ് കമ്മിറ്റി, ജനറൽബോഡി എന്നിവ ചേർന്നു. കരോൾ ഗാന മത്സരം നടത്തി. മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട സജി അച്ചന്റെ ജൂബിലിയോടനുബന്ധിച്ച് മരിയൻ സുകൃതങ്ങളും ജപമാലയും ചൊല്ലി കാഴ്ചവെച്ചു. ലോഗോസ് ക്വിസിൽ പങ്കെടുത്തു. ക്രിസ്മസ് നാളിൽ ഇടവകയിലെ ഏറ്റവും പ്രായം കൂടിയ 103 വയസ്സ് പൂർത്തിയാക്കിയ ഒരു അമ്മച്ചിയേയും ചാച്ചനേയും ആദരിച്ചു. രോഗിസന്ദർശനം നടത്തി. ഒരു നിർദ്ദന രോഗിക്ക് ചികിത്സ സഹായമായി 2000 രൂപ നൽകി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു.

**പാൽച്ചുരം-**തിരുപിറവിക്കു ഒരുക്കമായി ഒരു ദിനം ഒരു സുകൃതം ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും നൽകി. പള്ളിയിൽ വരാൻ സാധിക്കാത്ത വൃദ്ധരായവരെ സന്ദർശിച്ചു. ഇടവകയിൽ കരോൾ ഗാനമത്സരം നടത്തി. വിജയികളെ ആദരിച്ചു. കുഞ്ഞി പൈതങ്ങളുടെ തിരുനാൾദിനത്തിൽ ഇടവകയിലെ കുഞ്ഞുങ്ങളെ ദിവ്യബലിയിൽ സമർപ്പുക്കുകയും അവർക്ക് മധുര പലഹരങ്ങൾ നൽകുകയും ചെയ്തു. മേഖല കരോൾഗാന മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**പറളിക്കുന്ന് –** തിരുപ്പിറവിക്ക് ഒരുക്കമായി പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ ദിനത്തിൽ ഫ്രാൻ സീസ് നാമധാരികളെ ആദരിച്ചു. കരോൾ ഗാന മൽസരത്തിൽ പങ്കെ ടുത്തു. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. മാതൃ വേദി ഫണ്ട് സമാഹരണം നടത്താൻ പള്ളി പറമ്പിലെ കാപ്പി പറിച്ചു. ഫണ്ട് സമാഹരണത്തിന് ക്രിസ്തുമസ് ട്രീ ഒരുക്കി. സമ്മാനങ്ങൾ വിതരണം ചെയ്തു. യുവജനങ്ങൾക്കൊപ്പം പുൽക്കൂട് നിർമ്മാണ ത്തിന് സഹായിച്ചു. കുഞ്ഞി പൈതങ്ങൾ, തിരുക്കുടുംബത്തിന്റെ തിരുനാൾ എന്നിവ ആഘോഷിച്ചു.

**വടപുറം –** മാതാവിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് ക്വിസ് മത്സരം, പുൽക്കൂട് നിർമ്മാണമത്സരം എന്നിവ നടത്തി. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി. ഒരു നിർദ്ദന കുടുംബത്തിന് ക്രിസ്തുമസിന് ഡ്രസ് വാങ്ങിക്കൊടുത്തു.

**പാലാങ്കര–** ക്രിസ്തുമസ് നോമ്പിന് ഒരുക്കമായി അമ്മമാർ നോമ്പ് അനുഷ്ഠിക്കുകയും വി. കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. ലോഗോസ്ക്വിസ്, കരോൾഗാനം എന്നീ മൽസരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് രാത്രിയിൽ വന്ന ഇടവകാ അംഗങ്ങൾക്ക് രുചികരമായ ചുക്ക് കാപ്പി നൽകി. ശാഖാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**സീതാമൗണ്ട് –** സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി കൊറോണ വൈറസ് മാറുവാൻ കരുണക്കൊന്ത ചൊല്ലി പ്രാർ ത്ഥിച്ചു. രോഗീ സന്ദർശനം നടത്തി.

**ശാന്തിഗിരി–** തിരുപ്പിറവിക്കൊരുക്കമായി നോമ്പിനും ഉപവാസ ത്തിനും കിട്ടിയ തുക ഫണ്ടിലേക്ക് സംഭാവന ചെയ്തു ക്രിസ്മസി നോടനുബന്ധിച്ച് എല്ലാ നിർദ്ദനവീടുകളിലും ഭക്ഷണം നൽകാൻ അമ്മമാർ സഹായിച്ചു. ഭവന സന്ദർശനം നടത്തി

**താളിപ്പാടം–** മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു വിശുദ്ധ യൗസേപ്പിതാവിന്റെ വർഷ സമാപനത്തോടനുബന്ധിച്ച് സ്കിറ്റ് അവതരിപ്പിച്ചു. ചോക്കാട് അനാഥാലയത്തിൽ 40 അന്തേവാ സികൾക്കൊപ്പം ക്രിസ്തുമസ് ആഘോഷം നടത്തി. നവ വൈദികർ ക്കുവേണ്ടി തിരുക്കുടുംബ ദിനത്തിൽ 80 വയസിന് മുകളിൽ പ്രായ മായ എല്ലാം മാതാപിതാക്കളേയും ആദരിക്കുകയും കുഞ്ഞിപ്പൈത ങ്ങൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**ജനുവരി 2022**

ജനുവരി 1 ന്, സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ രാവിലെ 9.30 ന് ആരംഭിച്ച് 2.30 ന് സമാപിച്ചു. രൂപതാ മതബോധന ഡയറക്ടർ ഫാ. തോമസ് കാട്ടുത്തുരുത്തിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

ഫാ. സോണിവാഴകാട്ട് ''ക്രിസ്തു ഏക രക്ഷകൻ'' എന്നവിഷയത്തെപ്പറ്റി വചനപ്രഘോഷണം നടത്തി. സി അന്ന FCC, സി. ലിസ SKD, ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനങ്ങളാലപിച്ചു. സി. നിർമ്മല SH, സി. അന്ന FCC എന്നിവർ ജപമാലയ്ക്ക് നേതൃത്വം നൽകി.

ജനുവരി 7 മുതൽ 9 വരെ സിയോൻ ശുശ്രൂഷകർക്കായി വാർഷിക ധ്യാനം നടത്തി. പേരാവൂർ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. തോമസ് കുഴിയാലിൽ OCD നേതൃത്വം നൽകി. ബ്ര. സാബു എടൂർ ഗാനശുശ്രൂഷ ചെയ്തു.

ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനങ്ങൾ ഓൺലൈൻ ആയി പങ്കുവച്ചു.

ജനുവരി 15 ന് ശനിയാഴ്ച പൊതു Spiritual Sharing നടത്തി. സി. നിർമ്മല SH, സി. മെറിന FCC, സി. അന്ന FCC, ബ്ര. മത്തായി കാരക്കാട്ട് എന്നിവർ ശുശ്രൂഷ നയിച്ചു.

ജനുവരി 17 മുതൽ സിയോൻ ചാപ്പലിൽ രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ആരാധനയും, മദ്ധ്യസ്ഥപ്രാർത്ഥനയും ആരംഭിച്ചു. ബഹു. സിസ്റ്റേഴ്സും, ശുശ്രൂഷകരും നേതൃത്വം നൽകി. കുമ്പസാരത്തിനുള്ള സൗകര്യം ക്രമപ്പെടുത്തി.

ജനുവരി 27 മുതൽ 30 വരെ താമസിച്ചുള്ള ആന്തരിക സൗഖ്യ ധ്യാനം നടന്നു.

മുൻകൂട്ടി ബുക്ക് ചെയ്തുള്ള Spiritual Sharing-നും ആളുകൾ ധ്യാനകേന്ദ്രത്തിൽ എത്തി.

**NB:** അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ ഫെബ്രുവരി 5 ന് 9.30 ന് ആരംഭിച്ച് 2.30 ന് സമാപിക്കുന്നതാണ്. വി. കുർബാനക്ക് ഈ വർഷത്തെ നവവൈദീകർ നേതൃത്വം നൽകും.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് Spiritual Sharing -ന് സൗകര്യം ഉണ്ടായിരിക്കും.

^m. tkmWn hmgIm´v
Ub-d-IvS¿, kntbm≥ kn.-B¿.kn.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

നാമെല്ലാവരും നന്മ ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ്. ഓരോ നന്മ പ്രവൃത്തിയും ദൈവത്തെ വെളിപ്പെടുത്തുന്നവയാണ്. നന്മ ദൈവമാണ്. അതുകൊണ്ടു തന്നെ ഓരോ വിൻസെൻഷ്യനും വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ചെയ്യുന്ന നന്മ പ്രവൃത്തികളിലൂടെ മറ്റുള്ളവരുടെ മുന്നിൽ ദൈവത്തെ വെളിപ്പെടുത്തുകയാണ്. ദൈവസ്നേഹമാണ് നാം ചെയ്യുന്ന ഈ പുണ്യപ്രവർത്തികളിലൂടെ വെളിപ്പെടുന്നത്. അങ്ങനെ നാം മറ്റുള്ളവർക്കു മുന്നിൽ ദൈവത്തിന്റെ പ്രതിനിധികളായി മാറുകയാണ്. മറ്റുള്ളവർക്ക് നന്മ ചെയ്യണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ നന്മ ഉണ്ടാവണം. ഈ നന്മ ഹൃദയത്തിലുണ്ടാവാൻ ദൈവകൃപ ആവശ്യമാണ്. ഇതിനായി നാം തീക്ഷ്ണമായി പ്രാർത്ഥിക്കണം. ഓരോ വിൻസെൻഷ്യന്റെയും ജീവിതമെന്ന നാണയത്തിന്റെ രണ്ടു വശങ്ങളാണ് പ്രാർത്ഥനയും പ്രവൃത്തികളും. പ്രാർത്ഥനയില്ലാത്ത പ്രവർത്തിയും പ്രവർത്തിയില്ലാത്ത പ്രാർത്ഥനയും നിഷ്ഫലമാണ്. നാമെല്ലാവരും ബലഹീനരാണ്. നമുക്കു ചുറ്റും നമ്മെ വീഴ്ത്തുവാൻ നിരവധി സംവിധാനങ്ങളുണ്ട്. പലപ്പോഴും വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ നിന്നും നന്മ പ്രവർത്തനങ്ങളിൽ നിന്നും നമ്മെ പിന്തിരിപ്പിക്കാൻ പ്രലോഭനങ്ങളുണ്ടാവാം. എന്നാൽ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ നാം നിരന്തരമായി പ്രാർത്ഥിക്കണം. ഈ പ്രാർത്ഥനയിലൂടെ വീണ്ടും ശക്തരായി നമ്മുടെ പുണ്യപ്രവർത്തനങ്ങൾ പൂർവാധികം ശക്തിയോടെ തുടരുവാൻ നമുക്ക് സാധിക്കും. വലിയ നോമ്പിലേക്ക് കടക്കുന്ന ഈ അവസരത്തിൽ കൂടുതൽ ത്യാഗപ്രവർത്തികൾ ചെയ്യുവാൻ നമുക്ക് ദൈവം കരുത്ത് പകരട്ടെ.

**എ. സി. സെമിനാറുകൾ**

ഡിസംബർ 19 ന് കൽപ്പറ്റ എ. സി. സെമിനാർ ഡി പോൾ പള്ളി ഹാളിൽ ചേർന്നു. എ. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. സോമി വടയാപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. സി.സി. പ്രസി

ഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി മുഖ്യസന്ദേശം നൽകി. സി.സി. വൈസ് പ്രസിഡണ്ട് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. എ. സി. പ്രസിഡണ്ട് സി. ടെസി പുളിയംമാക്കൽ അധ്യക്ഷത വഹിച്ചു. എ. സി. സെക്രട്ടറി ബ്ര. ജൂഡി കൊരണ്ടിയാർകുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു. കോൺഫ്രൻസുകളുടെ അഗ്രിഗേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സി. സി. ജന. സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സംഘടന പ്രവർത്തനങ്ങൾ അവലോകനം നടത്തി.

ഡിസംബർ 26 ന് ചുണ്ടക്കര എ. സി. സെമിനാർ നടത്തി. ചുണ്ടക്കര വിൻസെന്റ് ഡി പോൾ ഓഫീസിൽ ചേർന്ന യോഗം സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി ഉദ്ഘാടനം ചെയ്തു. എ. സി. പ്രസിഡണ്ട് ബ്ര. തങ്കച്ചൻ മേപ്പാടത്ത് അധ്യക്ഷത വഹിച്ചു. തോണിച്ചാൽ എ. സി. പ്രസിഡണ്ട് ബ്ര. രാജു ചൊവ്വാറ്റുകുന്നേൽ, ബ്ര. മാത്യു നിരപ്പേൽ, ബ്ര. സനീഷ് കല്ലറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഡിസംബർ 31 ന് തരിയോട് എ.സി. യോഗം കാവുമന്ദം പള്ളി ഹാളിൽ ചേർന്നു. എ. സി. പ്രസിഡണ്ട് സി. റോസമ്മ ജോസഫ് അയ്യംകുഴയ്ക്കൽ അധ്യക്ഷത വഹിച്ചു. സി. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി മുഖ്യസന്ദേശം നൽകി. കല്ലോടി എ. സി. പ്രസിഡണ്ട് ബ്ര. മാത്യു പുതുപ്പറമ്പിൽ സി. അലീന തുറുവട്ടേൽ, ബ്ര. ഫ്രാൻസീസ് എടപ്പാട്ട്, ബ്ര. ജോർജ്ജ് കുന്നത്ത് എന്നിവർ പ്രസംഗിച്ചു. വിവിധ സഹായ പദ്ധതികൾ വിതരണം ചെയ്തു. സി. സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ജനുവരി 5-ന് ഗൂഡല്ലൂർ എ.സി. സെമിനാർ നടന്നു. ധർമ്മഗിരി പാരിഷ് ഹാളിൽ ചേർന്ന യോഗം എ. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ചാക്കോ ഇല്ലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ധർമ്മഗിരി പള്ളി വികാരി റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ മുഖ്യസന്ദേശം നൽകി. സി. സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. എ.സി. പ്രസിഡണ്ട് സി. വത്സമ്മ പീറ്റർ എളയച്ചാനി സ്വാഗതം ആശംസിച്ചു. ബ്ര. റോയ് ലൂക്കോസ് മച്ചി

കൊല്ലി പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. ട്രഷറർ ബ്ര. എൻ. യു. ജോൺ, അക്കൗണ്ടിംഗ് സംബന്ധിച്ച് ക്ലാസ് എടുത്തു. ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി, കെ. ആർ. സി.സി. പ്രതിനിധി സി. ബേബിമരിയ പുലികോട്ടിൽ, സി. സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, ബ്ര. ജോണി തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. പുതിയ കോൺഫ്രൻസ് ഭാര വാഹികളുടെ സത്യപ്രതിജ്ഞയും നടന്നു.

കുറുമ്പാല എ. സി. സെമിനാർ പുതുശ്ശേരികടവ് പള്ളിഹാ ളിൽ നടന്നു. എ. സി. പ്രസിഡണ്ട് ബ്ര. രാജു. വലിയാറ അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. എ. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ മുഖ്യസന്ദേശം നൽകി. സി. സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി സംഘടനാപ്രവർത്ത നങ്ങൾ വിശദീകരിച്ചു. സി.സി. ട്രഷറർ ബ്ര. എൻ. യു. ജോൺ, ബ്ര. പൈലി എടാട്ട്, ബ്ര. ബിനു ചെറുമാണ്ടൂർ എന്നിവർ പ്രസംഗിച്ചു. ബ്ര. ഡോ. മത്തായി പുളിയിലക്കാട്ട് ക്ലാസ്സ് നയിച്ചു. ഭവന നിർ മ്മാണ സഹായം വിതരണം ചെയ്തു.

ജനുവരി 9-ന് പാടിച്ചിറ എ. സി. സെമിനാർ പാടിച്ചിറ പള്ളി ഹാളിൽ നടന്നു. എ. സി. പ്രസിഡണ്ട് ബ്ര. മാത്യു തറയിൽ അധ്യ ക്ഷത വഹിച്ചു. സി. സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി ഉദ്ഘാടനം ചെയ്തു. എ. സി. സെക്രട്ടറി സി. ലീലാമ്മ വിളയാനി പ്പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. നടവയൽ എ. സി. പ്രസിഡണ്ട് ബ്ര. സണ്ണി ആലഞ്ചേരി സന്ദേശം നൽകി. സി.സി. ജനറൽ സെക്ര ട്ടറി ബ്ര. ബാബു നമ്പുടാകം സംഘടനാപ്രവർത്തനങ്ങൾ വിശദീ കരിച്ചു.

ജനുവരി 18-ന് മാനന്തവാടി എ. സി. സെമിനാർ കണിയാരം കത്തീഡ്രൽ ഹാളിൽ നടന്നു. എ. സി. പ്രസിഡണ്ട് ബ്ര. ജോൺ അതിരകുളങ്ങര അധ്യക്ഷത വഹിച്ചു. കത്തീഡ്രൽ പള്ളി വികാരി റവ. ഫാ. സണ്ണി മഠത്തിൽ ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡണ്ട്, ബ്ര. ജോർജ്ജ് ആക്കാന്തിരി റവ. ഫാ. ദീപക്, എസ്.ജെ. എന്നി വർ സന്ദേശങ്ങൾ നൽകി. സി.സി. ട്രഷറർ ശ്രീ എൻ. യു ജോൺ ഓസാനാം ഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി, കല്ലോടി എ. സി. പ്രസിഡണ്ട്, ബ്ര. മാത്യു പുതുപ്പറമ്പിൽ, സി. അന്ന കുളക്കാട്ട്, ബ്ര. പൗലോസ് പാലമറ്റം, ബ്ര. ടോം മാത്യു

ഓടയ്ക്കൽ എന്നിവർ പ്രസംഗിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സംഘടന പ്രവർത്തനങ്ങൾ വിശകലനം ചെയ്തു.

**കോൺഫ്രൻസ് തെരഞ്ഞെടുപ്പ്**

ആടിക്കൊല്ലി കോൺഫ്രൻസ് ഭാരവാഹികൾ: ബ്ര. ബാബു കണ്ടത്തിൻകര (പ്രസി) ബ്ര. ജോസ് ഞായപ്പള്ളി (സെക്രട്ടറി) ബ്ര. റെജി മുതിരക്കാല (ട്രഷറർ) സി. മിനി കൊട്ടുകാപ്പള്ളി (വൈ. പ്രസിഡണ്ട്) ബ്ര. ടോംദാസ് മേമന (ജോ. സെക്രട്ടറി) എന്നിവരാണ്. കോൺഫ്രൻസ് തെരഞ്ഞെടുപ്പ് ആത്മീയ ഉപദേഷ്ടാവ് ഫാ. പോൾ എടയകൊണ്ടാട്ട് ഉദ്ഘാടനം ചെയ്തു. ബ്ര. വിത്സൻ നെടുംകൊമ്പിൽ അധ്യക്ഷത വഹിച്ചു. സി. സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, സി. സെലിൻ (അഡോറേഷൻ കോൺവെന്റ്) എന്നിവർ പ്രസംഗിച്ചു. ഗൂഡല്ലൂർ എ.സി. യിലെ ധർമ്മഗിരിയിൽ യൂത്ത് കോൺഫ്രൻസ് രൂപീകരിച്ചു. എ. സി. പ്രസിഡണ്ട് സി. വത്സമ്മ പീറ്റർ എളയച്ചാനി അധ്യക്ഷത വഹിച്ചു. റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ- സി. ലിജി കൊല്ലംപറമ്പിൽ (പ്രസിഡണ്ട്), സി. സജിത കിഴക്കേഭാഗത്ത് (സെക്രട്ടറി), സി. ലില്ലി പാട്ടുപാറ (ട്രഷറർ) ചുമതല നൽകി.

പയ്യംപള്ളി എ.സി പ്രസിഡണ്ടിന്റെ ചുമതല ബ്ര. പോൾ കടിയിങ്കലിന് സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി നൽകി. ഫോൺ 6238771587.

സ്നേഹപൂർവ്വം,
**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

## വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മാതൃകാപരം: ആർച്ച് ബിഷപ്പ് മാർ സെബാസ്റ്റ്യൻ കല്ലുപുര

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും അനുബന്ധ സ്ഥാപനങ്ങളായ ബയോവിൻ അഗ്രോ റിസേർച്ച്, റേഡിയോ മാറ്റൊലി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് കാരിത്താസ് ഇന്ത്യയുടെ ചെയർമാനും പാറ്റ്ന രൂപതയുടെ ആർച്ച് ബിഷപ്പുമായ മാർ സെബാസ്റ്റ്യൻ കല്ലുപുര അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആശാകിരണം പദ്ധതിയുടെ ഭാഗമായി നടത്തിയ വളണ്ടിയർ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പിതാവ്. ജൈവ കാർഷിക മേഖലയിലും ആദിവാസി വികസന മേഖലയിലും പ്രകൃതി വിഭവ പരിപാലനത്തിലും ജനകീയ സംഘാടനത്തിലുമെല്ലാം രാജ്യത്തെ സാമൂഹിക സേവന പ്രസ്ഥാനങ്ങളിൽ മാനന്തവാടി രൂപത ഏറെ മാതൃകാപരമാണെന്ന് പിതാവ് വ്യക്തമാക്കി. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോൾ മൂഞ്ഞേലി മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, ബയോവിൻ അഗ്രോ റിസേർച്ച് മാനേജിംഗ് ഡയറക്ടർ റവ. .ഫാ. ജോൺ ചൂരപ്പുഴയിൽ, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു. വോളണ്ടിയർ സംഗമത്തോടനുബന്ധിച്ച് നടന്ന സെമിനാറിന് ബോയ്സ്ടൗൺ ഡയറക്ടർ റവ. ഡോ. ബാബു ചക്കിയത്ത് നേതൃത്വം നൽകി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജില്ലയിൽ 200 തുല്യ ബാധ്യത സംഘങ്ങൾ (ജെ.എൽ.ജി) രൂപീകരിക്കുന്നു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ 200 തുല്യ ബാധ്യത സംഘങ്ങൾ (ജെ.എൽ.ജി) രൂപീകരിക്കും. ഇതിലൂടെ 200 ഗ്രൂപ്പ് തല സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കും. നാലു മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിക്കുക. വിവിധ തരത്തിലുള്ള സംരംഭങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ തുടങ്ങുക,അതുവഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സ്ഥിരമായവരുമാനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തുല്യ ബാധ്യതസംഘങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പരിശീലനങ്ങൾ, ആവശ്യമായ റിക്കാർഡുകൾ, ബാങ്കിൽ നിന്നും വായ്പ കിട്ടുന്നതിനാവശ്യമായ പ്രൊജക്ടുകൾ തുടങ്ങിയവ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് നൽകുന്നതാണ്. കേരള ബാങ്ക്, കാനറ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നീ ബാങ്കുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തുല്യ ബാധ്യത സംഘങ്ങൾ രൂപീകരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ പി. എ ജോസ്, കോ-ഓർഡിനേറ്റർ ജോജോ തോപ്പിൽ, ടെക്നിക്കൽ എക്സ്പേർട്ട് ജാൻസി ജിജോ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ പരിശീലനത്തിന് കേരള ബാങ്ക് അഗ്രിക്കൾച്ചർ ഓഫീസർ ആഷ ഉണ്ണി നേതൃത്വം നൽകി.

**സുവർണ്ണ ജൂബിലി ഭവന നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്തു.**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം കാരിത്താസ് ഇന്ത്യയുടെ ചെയർമാനും പാറ്റ്ന രൂപതയുടെ ആർച്ച് ബിഷപ്പുമായ മാർ സെബാസ്റ്റ്യൻ കല്ലുപുര നിർവ്വഹിച്ചു. സുവർണ്ണ ജൂബിലി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 52 ഭവനങ്ങൾ ആണ് നിർമ്മിക്കുന്നത്. 500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 07 ലക്ഷം രൂപ ചിലവ് വരുന്ന ഭവനങ്ങളുടെ നിർമ്മാണം 2022 ഏപ്രിൽ മാസ

ത്തോടെ പൂർത്തിയാകും. മാനന്തവാടി രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ.പോൾ മൂഞ്ഞേലി മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, ബയോവിൻ അഗ്രോ റിസേർച്ച് മാനേജിംഗ് ഡയറക്ടർ റവ. .ഫാ. ജോൺ ചൂരപ്പുഴയിൽ, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബോയ്സ്ടൗൺ ഡയറക്ടർ റവ. ഡോ. ബാബു ചക്കിയത്ത്, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**ഭക്ഷ്യ സംസ്ക്കരണത്തിൽ തൊഴിൽ പരിശീലനം ആരംഭിച്ചു.**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്നുചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശൽ യോജന കോഴ്സിന്റെ ഭാഗമായി ഭക്ഷ്യസംസ്ക്കരണത്തിൽ 03 മാസം നീണ്ടുനിൽക്കുന്ന തൊഴിൽ പരിശീലനം ആരംഭിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല പഠിതാക്കൾക്ക് പഠനോപകരണങ്ങൾ അടങ്ങിയ വെൽക്കം കിറ്റ് വിതരണം ചെയ്തുകൊണ്ട് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

തികച്ചും സൗജന്യമായി നടത്തുന്ന ഈ തൊഴിൽ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിനം 125 രൂപ, യാത്ര, ഭക്ഷണം എന്നിവക്കായി നൽകിവരുന്നു. തൊഴിൽ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപ്പോരുന്നു. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. ഉദ്ഘാടന പരിപാടിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, സ്റ്റേറ്റ് ഹെഡ് ശ്രീ. റോബിൻ ജോസഫ്, സെന്റർ ഹെഡ് ജാൻസി ജിജോ, ട്രെയിനർ അമൻഡ ജോൺസൺ എന്നിവർ സംസാരിച്ചു.

**ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരം ഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് &ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**DDU-GKY**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിൽ ബോയ്സ് ടൗൺ, കാട്ടിക്കുളം, മാനന്തവാടി തുടങ്ങിയ സെന്ററുകളിൽ 185 ഓളം കുട്ടികൾ പഠനപരിശീലനം നടത്തിവരുന്നു. മൂന്ന് സെന്ററുകളിലും വിവിധങ്ങളായ കലാപരിപാടികളോടു കൂടി ക്രിസ്തുമസ്സ് ആഘോഷിച്ചു. ബഹുമാനപ്പെട്ട അച്ചൻമാരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ക്രിസ്തുമസ് പുൽക്കൂട്, കരോൾ ഗാനം തുടങ്ങിയവ നടത്തപ്പെട്ടു.

ജനുവരി മാസത്തിൽ കോഴ്സ് അവസാനിച്ച് OJT ക്ക് പോകുന്ന ബ്യൂട്ടീഷൻ ബാച്ചിലെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളുടെ യോഗം നടത്തുകയും വിദ്യാർത്ഥികൾക്ക് ക്യാമ്പസ് ഇന്റർവ്യൂ നടത്തുകയും എല്ലാ കുട്ടികൾക്കും കേരളത്തിലും കേരളത്തിന്റെ പുറത്തുമായി ഉയർന്ന ശമ്പളത്തോടെ ജോലി ലഭിക്കുകയും ചെയ്തു. ഈ ബാച്ചിന്റെ യാത്രയയപ്പു സമ്മേളനം ഡയറക്ടർ അച്ചന്മാരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.

കാട്ടിക്കുളം സെന്ററിൽ പരിശീലനത്തിന്റെ ഭാഗമായി ഇൻഡസ്ട്രിയൽ വിസിറ്റ്, എക്സ്പ്ലോഷർ പ്രോഗ്രാം എന്നിവ നടത്തുകയും വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ, ഇൻഡോർ, ഔട്ട്ഡോർ ഗയിമുകളും നടത്തി. എല്ലാ വിദ്യാർത്ഥികൾക്കും പേടി കൂടാതെ ഇന്റർവ്യൂവിൽ പങ്കെടുക്കാനുള്ള മോക്ക് ഇന്റർവ്യൂ നടത്തുകയും ചെയ്തു. സെന്ററിലെ 70 ൽ 60 പേർക്കും രണ്ട് ഡോസ് വാക്സിൻ ഉറപ്പുവരുത്തുകയും ചെയ്തു.

മാനന്തവാടി സെന്ററിൽ 35 വിദ്യാർത്ഥികൾക്കായി ഫുഡ് പ്രൊസ

സിംഗ് ആൻഡ് പ്രിസർവേഷൻ കോഴ്സ് ആരംഭിച്ചു. മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ഈ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ഹോട്ട് ആൻഡ് സ്പൈസി ഭക്ഷ്യ ദിനം ആചരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലാണ് ഭക്ഷ്യമേള നടന്നത്. വിവിധ തരം അച്ചാറുകൾ, ചമ്മന്തികൾ, ഡ്രിങ്ക്സ് തുടങ്ങിയ നൂറോളം വിഭവങ്ങൾ മേളയിൽ പ്രദർശിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൂട്ടാല ഭക്ഷ്യമേള ഉദ്ഘാടനം ചെയ്തു. അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ പി. എ ജോസ്, സ്റ്റേറ്റ് ഹെഡ് റോബിൻ ജോസഫ്, കോ-ഓർഡിനേറ്റർ ജോജോ ജയിംസ്, ഫീൽഡ് കോഡിനേറ്റർ ഷീന ആന്റണി, എന്നിവർ പ്രസംഗിച്ചു. സെന്റർ ഹെഡ് ജാൻസി ജിജോ, അധ്യാപകരായ ചിഞ്ചു മരിയ, അമൻഡ ജോൺസൺ, എം.പി ഏലിയാമ്മ എന്നിവർ നേതൃത്വം നൽകി.

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വവികസന ക്ലാസുകൾ എന്നിവയും നൽകിപ്പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ ഒന്ന് മുതൽ ആറു മാസം വരെ ജോലി ചെയ്യുന്ന സ്ഥലങ്ങൾക്ക് അനുസൃതമായി 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും എസ് എസ് എൽ സി യാണ് അടിസ്ഥാന യോഗ്യത.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**ക്ഷേമ പദ്ധതികൾ**

സ്വതന്ത്ര നിർമ്മാണ യൂണിയനിൽ ചേർന്നവരുടെ വാർഷിക പുതുക്കൽ നടപടി തുടരുന്നു. പുതിയ രജിസ്ട്രേഷനുവേണ്ടി 25 അപേക്ഷകൾ ക്ഷേമനിധി ഓഫീസിൽ സമർപ്പിച്ചു. അപകട ഇൻഷൂറൻസ്, വിവാഹധന സഹായം, എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു. ചെറുകിട തോട്ടം തൊഴിലാളിയിൽ ചേർന്ന രണ്ട് അംഗങ്ങൾക്ക് ഈ മാസം പെൻഷൻ പാസ്സായി.

**ഇശ്രം രജിസ്ട്രേഷൻ**

ക്ഷേമനിധിയിൽ അംഗത്വമെടുത്ത എല്ലാ അംഗങ്ങളും ഇശ്രം രജിസ്ട്രേഷൻ പൂർത്തിയാക്കി.

**സ്വാവലംബൻ**

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്നവരുടെ 2021-22 വാർഷിക പുതുക്കൽ 80% പൂർത്തിയായി. ഈ വർഷം 33 പേർ 60 വയസ്സ് പൂർത്തിയാകുന്നവരാണ്. 127 പേർക്ക് ഇതിനകം 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് തുക ലഭിച്ചു.

**കുടുംബോദ്ധാരണ പദ്ധതികൾ**

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ ഇപ്പോൾ 330 കുടുംബങ്ങളാണുള്ളത്. ഈ കുടുംബങ്ങൾക്ക് സഹായം നൽകുന്ന ഡോണേഴ്സിനായി ക്രിസ്തുമസ്സ്-പുതുവത്സര ആശംസകൾ അയച്ചു. എല്ലാ കുടുംബങ്ങളുടെയും വാർഷിക പദ്ധതി തയ്യാറാക്കി സേവ് എ ഫാമിലി പ്ലാൻ ഓഫീസിൽ സമർപ്പിച്ചു.

**സമൃദ്ധകുടുംബം പദ്ധതി**

പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ കുടുംബങ്ങൾക്കും 2021-2022 വർഷത്തെ രണ്ടാം ഗഡു 9000 രൂപ നൽകി. ബത്തേരി, കൽപ്പറ്റ, തരിയോട്, കൊട്ടിയൂർ മേഖലകളിൽപ്പെട്ട കുടുംബങ്ങളുടെ സംഗമം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. പോൾ കൂട്ടാല ക്ലാസ്സെടുത്തു. ആനിമേറ്റർ ശ്രീമതി ഷീന ആന്റണി വരുമാനദായക പരിശീലന പദ്ധതികൾക്ക് നേതൃത്വം നൽകി.

**ഗോൾഡൻ ജൂബിലി ഹൗസിംഗ് പ്രോഗ്രാം**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു.

രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച 280 ഓളം അപേക്ഷകളിൽ നിന്ന് ഏറ്റവും അർഹരായ 50 കുടുംബങ്ങൾക്കാണ് ഭവനം നിർമ്മിച്ചു നൽകുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസേർച്ച് സെന്ററും കൂടാതെ സേവ് എ ഫാമിലി പ്ലാനും ഈ ഉദ്യമത്തിൽ സാമ്പത്തികമായി പിന്തുണ നൽകുന്നു. നവംബർ പകുതി മുതൽ ആരംഭിച്ച പ്രാരംഭ പ്രവർത്തനങ്ങൾ മാർച്ച് പകുതിയോടു കൂടി പൂർത്തിയാക്കികൊണ്ട് താക്കോൽ കൈമാറുക എന്നതാണ് പ്രധാന ലക്ഷ്യം. പദ്ധതിയുടെ ആദ്യഗഡുവായ ഒന്നരലക്ഷം രൂപ 50 ഗുണഭോക്താക്കളും സ്വീകരിച്ചുകഴിഞ്ഞു. ഇതിൽ 22 ഓളം കുടുംബങ്ങൾ രണ്ടാംഘട്ട പണികൾ പൂർത്തിയാക്കുകയും രണ്ടാംഗഡുവായ ഒന്നര ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തു. ബാക്കിയുള്ള കുടുംബങ്ങൾ അവരുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിവരുന്നു.

**SWS (സോഷ്യൽ വെൽഫയർ സൊസൈറ്റി)**

മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി മേഖലകളിലെ 21 യൂണിറ്റുകളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തി. ചർച്ച് ഇൻ നീഡ് ഏജൻസിയുടെ സാമ്പത്തികസഹായത്തോടെ WSSSന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 SWS യൂണിറ്റുകളിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. എടമുണ്ട, അമരക്കുനി, ശശിമല, തവിഞ്ഞാൽ, പൊർലോം, എടയൂർക്കുന്ന്, കോളറാട്ടുകുന്ന് എന്നിവിടങ്ങളിൽ SHG കൾക്ക് സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകി.

**ആശാകിരണം**

എടമുണ്ട കോളനിനിവാസികൾക്ക് സിസ്റ്റർ മെറിൻ SKD ആരോഗ്യബോധവത്ക്കരണ സെമിനാർ നടത്തി. കൗമാര ആരോഗ്യം, ശരീര പരിരക്ഷ, മാനസിക ആരോഗ്യം, പോഷക ആഹാരം എന്നിവ അടിസ്ഥാനമാക്കി നടത്തിയ പരിശീലനത്തിൽ കോളനിയിലെ 40 കൗമാരക്കാർ പങ്കെടുത്തു. പാലക്കാട് ഐഡിയൽ കോളേജിലെ ബിരുദ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കോളനി നിവാസികളെ ഉൾപ്പെടുത്തി നാടൻപാട്ട്, ആദിവാസികളുടെ തനതുനൃത്തങ്ങൾ എന്നിവ അവതരിപ്പിച്ചു. ദീപം സ്വാശ്രയസംഘം, ഫീൽഡ് കോഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി. കോളനി നിവാസികൾക്ക് ആശാകിരണം പദ്ധതിയുടെ കീഴിൽ സമാഹരിച്ച

തുണിത്തരങ്ങൾ വിതരണം ചെയ്തു.

സീതാമൗണ്ട് യൂണിറ്റിൽ വച്ച് നടന്ന സെമിനാറിൽ മുക്തി ഡി അഡിക്ഷൻ സെന്റർ കോ-ഓഡിനേറ്റർ കെ വർഗ്ഗീസ്, ലഹരി ഉപ യോഗം മൂലമുണ്ടാകുന്ന കുടുംബ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചും കുടുംബ ജീവിതത്തെ കുറിച്ചും ക്ലാസ്സുകൾ നയിച്ചു. SWS യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ, റീജിയണൽ കോഡിനേറ്റർ സുജ മാത്യു, എലിയാമ്മ വർക്കി, സുഭാഷിണി മഠ ത്തുവിള, മേരി ദിനേശ് കുമാർ എന്നിവർ നേതൃത്വം നൽകി.

## LEDP

തവിഞ്ഞാൽ, തൊണ്ടർനാട് പഞ്ചായത്തുകളിലായി 18 JLG കളിൽ ആയി 88 വനിതകൾ ചേർന്ന് ആടുവളർത്തൽ പദ്ധതിക്ക് തുടക്കം കുറിച്ചു.

ഒഴുക്കന്മൂല സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് FPO,-FIG എന്നിവയുടെ സാധ്യതകൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കാർഷിക നയങ്ങൾ ക്കനുസരിച്ച് കാർഷികമേഖലയിൽ കർഷകരുടെ വരുമാനം വർ ദ്ധിപ്പിക്കുന്നതിന് FPO യുടെയും കർഷക തൽപര സംഘടനക ളുടെയും സാധ്യതകൾ എന്ന വിഷയത്തിൽ കേരള സ്റ്റേറ്റ് FPO കൺസോർഷ്യം സംസ്ഥാന സെക്രട്ടറി സി വി ഷിബു ക്ലാസ് നയിച്ചു. റീജിയണൽ കോഡിനേറ്റർ സുജമാത്യു, ഷാന്റി ആന്റോ, ഫിലോമിന എന്നിവർ നേതൃത്വം നൽകി.

തൃശ്ശിലേരി, പുതുശ്ശേരി, കമ്മന എന്നിവിടങ്ങളിൽ ഒറ്റഞാർ കൃഷി ചെയ്ത കർഷകരുടെ കൃഷിസ്ഥലങ്ങൾ സന്ദർശിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രൊജക്ട് ഓഫീസർ ജിറ്റു, കോഡി നേറ്റർ ജോജോ ജയിംസ്, ഫീൽഡ് ആനിമേറ്റർ ആലീസ് സിസിൽ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തുകയും പ്രവർത്ത നങ്ങൾ വിലയിരുത്തുകയും ചെയ്തു.

കടുവയുടെ ആക്രമണത്തിൽ വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ട കുടുംബങ്ങളിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരു ന്നേടം, WSSS അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തട ത്തിൽ, പയ്യംപള്ളി വികാരി ഫാ. സുനിൽ വട്ടുക്കുന്നേൽ, ഫീൽഡ് ആനിമേറ്റർ ആലീസ് സിസിൽ എന്നിവർ സന്ദർശിച്ചു.

**DRR**

നവജീവൻ പ്രൊജക്ടിന്റെ ഭാഗമായി പടിഞ്ഞാറത്തറ പഞ്ചായത്തിൽ ടാസ്ക് ഫോഴ്സ് വോളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി പടിഞ്ഞാറത്തറ സാംസ്ക്കാരിക നിലയത്തിൽ വച്ച് നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് പി. ബാലൻ ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിക്കുകയും ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ വിശ്വാസ് ക്ലാസ് നയിക്കുകയും ചെയ്തു. കോഡിനേറ്റർ ജോജോ ജയിംസ്, ഫീൽഡ് ആനിമേറ്റർമാരായ ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി. വോളണ്ടിയേഴ്സിനുള്ള ഫസ്റ്റ് എയ്ഡ് കിറ്റ് വിതരണവും നടത്തി.

**ക്രിസ്തുമസ്സ് ആഘോഷം**

SWSന്റെ വിവിധ യൂണിറ്റുകളിൽ ക്രിസ്തുമസ്സ് കേക്ക് മുറിച്ചും കരോൾഗാന മത്സരങ്ങൾ നടത്തിയും ഗിഫ്റ്റുകൾ കൈമാറിയും ആഘോഷങ്ങൾ നടത്തി.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 1000 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. കഴിഞ്ഞ മാസത്തിൽ 3,14,245 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി രാജ്യത്ത് സജീവമായികൊണ്ടിക്കുന്ന കാലഘട്ടത്തിൽ ജൈവ ഉൽപന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തികൊണ്ട് വയനാട്ടിലെയും നീലഗിരിയിലെയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷി പത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1110 ഗ്രൂപ്പുകളിലായി (48 ICS Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**ഇന്റേണൽ ഇൻസ്പെക്ഷൻ ആരംഭിച്ചു.**

ജൈവകൃഷി സാക്ഷിപത്ര ലഭ്യതപദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും ജൈവ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രവർത്തികളാണോ നടക്കുന്നത് എന്ന് വിലയിരുത്തിന്നതിനുമായി തിരഞ്ഞെടുക്കപ്പെട്ട ഇന്റേണൽ ഇൻസ്പെക്ടർമാർ, അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാന്നിധ്യത്തിൽ മുഴുവൻ പഞ്ചായത്തുകളിലും ഇന്റേണൽ ഇൻസ്പെക്ഷൻ ആരംഭിച്ചു.

പരിശീലനം ലഭിച്ച ഇന്റേണൽ ഇൻസ്പെക്ടർമാരാണ് കൃഷിയിടങ്ങളിൽ പരിശോധന നടത്തി വരുന്നത്. 548 കൃഷിയിടങ്ങളിലാണ് ഡിസംബർ മാസം ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നത്.

**ഓർഗാനിക് ഓഡിറ്റ് ( കൃഷിയിട പരിശോധന)**

ജൈവ കൃഷി സാക്ഷിപത്രം പുതുക്കുന്നതിന്റെ ഭാഗമായി ICS കളിൽ സർട്ടിഫിക്കേഷൻ ഏജൻസിയുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓഡിറ്റ് നടന്നു വരുന്നു. സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോണിൽ നിന്നും ഓഡിറ്റർമാരായ ശ്രീ. എൽദോസ് കെ.സ്. അജയ് ഘോഷ് എന്നിവർ ഓഡിറ്റുകൾക്ക് നേതൃത്വം നൽകി. ഫീൽഡ്തല കൃഷിയിട/ ഡോക്യുമെന്റ് ക്രമീകരണങ്ങൾക്ക് ശ്രീ.

വിനീഷ് മാത്യു, ശ്രീ ജോസ് പോൾ, ശ്രീമതി. രമ്യ എന്നിവർ നേതൃത്വം നൽകി വരുന്നു. 144 കൃഷിയിടങ്ങളിലാണ് ഡിസംബർ മാസം സർട്ടിഫിക്കേഷൻ ഏജൻസിയുടെ നേരിട്ടുള്ള പരിശോധന നടന്നത്. ഇതുവരെ 45 ICS കളുടെ ഓഡിറ്റ് പൂർത്തീകരിച്ചു, അവ ശേഷിക്കുന്ന ICS കളുടെ ഓഡിറ്റ് ഫീൽഡ് തലത്തിൽ നടന്നു വരുന്നു.

**നീറ്റുകക്ക വിതരണം നടത്തി**

ഫെയർട്രേഡ് പ്രീമിയം പ്രോജക്ടിന്റെ ഭാഗമായി കർഷകർക്കായി സൗജന്യനിരക്കിൽ നീറ്റുകക്ക വിതരണം ചെയ്തു. വൊഫയിൽ ഉൾപ്പെടുന്ന പുൽപ്പള്ളി, പൂതാടി, മേപ്പാടി, പൊഴുതന, ബത്തേരി, മുപ്പൈനാട്, നൂൽപ്പുഴ, മീനങ്ങാടി, കോട്ടത്തറ, തരിയോട്, കൽപറ്റ, പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽ ഡിസംബർ മാസം നീറ്റുകക്ക വിതരണം ചെയ്തു. ജനുവരി മാസത്തോടെ വോഫെയിൽ ഉൾപ്പെടുന്ന കർഷകർക്കായുള്ള നീറ്റുകക്ക വിതരണം പൂർത്തീകരിക്കുന്നതാണ്. കഫെയിൽ ഉൾപ്പെടുന്ന എണ്ണായിരത്തോളം കർഷകർക്കായുള്ള നീറ്റുകക്ക വിതരണം നവംബർ മാസത്തോടെ പൂർത്തീകരിച്ചു.

**അധിക വില വിതരണം ചെയ്തു.**

ഉത്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ സംഘടന നടപ്പിലാക്കി വരുന്ന അധിക വില വിതരണം പൂർത്തീകരിച്ചു. നൽകിയ ഉൽപന്നത്തിനാനുപാധികമായാണ് അധിക വില ലഭ്യമാവുക. വൊഫ, കഫെ സംഘടനകൾക്ക് കാപ്പി വിപണനം നടത്തിയ ജൈവ ഫെയർട്രേഡ് കർഷകർക്ക് കിലോഗ്രാമിന് 5 രൂപ വീതവും, ഫെയർട്രേഡ് കർഷകർക്ക് 3 രൂപ വീതവും, പഴുത്ത കാപ്പി വിപണനം ചെയ്ത കർഷകർക്ക് 2 രൂപ വീതവുമാണ് വിതരണം ചെയ്തത്.

**വൊഫ, കഫെ ഭരണസമിതി യോഗങ്ങൾ**

2021ഡിസംബർമാസം7,8 തീയ്യതികളിലായി ബയോവിൻകോൺഫറൻസ് ഹാളിൽ വച്ചു വൊഫ, കഫെ സംഘടനകളുടെ ഭരണസമിതി യോഗം ചേർന്നു. സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും 2020, 21 വർഷത്തെ വാർഷിക പൊതുയോഗം 15, 16 തീയ്യതികളിലായി നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**കഫെ വാർഷിക പൊതുയോഗം**

കോവിഡ് പ്രതിസന്ധി മൂലം മാറ്റിവയ്ക്കപ്പെട്ട സംഘടനയുടെ 2020, 21 വർഷത്തെ വാർഷിക പൊതുയോഗം കോവിഡ് പ്രോട്ടോകോൾ പ്രകാരം ഡിസംബർ പതിനാറാം തീയ്യതി WSSS ഓഡിറ്റോറിയത്തിൽ വച്ചു കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്നു. കഫെ മുഖ്യ ഉപദേഷ്ടാവ് അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തി. കഫെ സെക്രട്ടറി ശ്രീ പി.എ ജോസ് സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. സെഘടനാ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനോടൊപ്പം പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ചേർന്ന യോഗത്തിൽ 57/67 ജനറൽ ബോഡി അംഗങ്ങൾ പങ്കെടുത്തു.

**വൊഫെ വാർഷിക പൊതുയോഗം**

വോഫെയുടെ 2020-21 വർഷത്തിലെ വാർഷിക പൊതുയോഗം 2021 ഡിസംബർ മാസം പതിനഞ്ചാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ചു ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അധ്യക്ഷതയിൽ ചേർന്നു. 73/87 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ സംഘടനയുടെ പ്രവർത്തനറിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ എന്നിവ സംഘടന സെക്രട്ടറി ശ്രീ. ജോയ് പരിയാരത്ത് അവതരിപ്പിച്ചു. അംഗങ്ങൾ വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തു. 2021, 22 വർഷത്തേക്കുള്ള ബജറ്റ് തറവില തുടങ്ങിയവ യോഗം ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തു. വൊഫ, കഫെ സംഘടനകളിൽ ഉൾപ്പെട്ട കർഷകരുടെ ഉത്പന്നങ്ങൾക്ക് 2022, 23 സാമ്പത്തിക വർഷത്തേക്കുള്ള തറവില വാർഷിക പൊതുയോഗങ്ങളിൽ വച്ചു നിശ്ചയിച്ചു. ജൈവ ഫെയർ ട്രേഡ് കാപ്പി കിലോഗ്രാമിന് 80 രൂപ, ജൈവ ഫെയർട്രേഡ് ഇഞ്ചി 60 കിലോ ബാഗിന് 2000 രൂപ, പച്ച മഞ്ഞൾ കിലോഗ്രാമിന് 23 രൂപ ഉണക്ക മഞ്ഞൾ കിലോഗ്രാമിന് 90 രൂപ, കുരുമുളക് കിലോഗ്രാമിന് 450 രൂപ, ഞാലിപ്പൂവൻ വാഴക്കുല കിലോഗ്രാമിന് 30 രൂപ എന്നീ ക്രമത്തിൽ തീരുമാനിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും നവംബർ മാസം 2291.5 കിലോ കുരുമുളക് 580 രൂപ നിരക്കിലും 8065 കിലോ ഞാലിപ്പൂവൻ വാഴക്കുല 30 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ നവംബർ മാസത്തിലും കാപ്പി, കുരുമുളക്, കൈതച്ചക്ക, വാഴപ്പഴം, ഇഞ്ചി തുടങ്ങിയവ സംസ്ക രിക്കുകയും ഇതിനായി 521 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെ ടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവ ശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പിനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**വയനാട് ചേംബർ ഓഫ് കോമേഴ്സ് ആദരിച്ചു**

വയനാട് ജില്ലയിലെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച സ്ഥാപനങ്ങളെയും വ്യക്തികളെയും വയനാട് ചേംബർ ഓഫ് കോമേഴ്സ് ആദരിച്ചതിന്റെ ഭാഗമായി ജില്ലയിലെ ഗ്രാമീണവിശേഷങ്ങൾ ലോകത്തെ അറിയിച്ച റേഡിയോ മാറ്റൊലിയെ മികച്ച മാധ്യമ സ്ഥാപനമായി തെരഞ്ഞെടുത്തു. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളി പുരസ്കാരം ഏറ്റു വാങ്ങി. കൽപ്പറ്റ ഗ്രീൻ ഗേറ്റ്സ് റിസോർട്ടിൽ നടന്ന ചേംബർ വാർഷിക യോഗത്തിലാണ് പുരസ് കാരങ്ങൾ നൽകി ആദരിച്ചത്. പ്രസിഡന്റ് ജോണി പാറ്റാനി പുരസ്കാരങ്ങൾ വിതരണം ചെയ്തു.

**ഏകദിന ശില്പശാല**

ഡിസംബർ 15 ന് റേഡിയോമാറ്റൊലി സ്റ്റാഫ് അംഗങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും ഏകദിന ശില്പ ശാല സംഘടിപ്പിച്ചു. മാധ്യമപ്രവർത്തനത്തിലെ നൂതന സങ്കേതങ്ങൾ എന്ന വിഷയത്തിൽ മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ക്ലാസ് എടുത്തു. തുടർന്ന് 2022 വർഷത്തിൽ റേഡിയോമാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്ന പ്രോഗ്രാമുകളിൽ വരുത്തേണ്ട മാറ്റങ്ങളേക്കുറിച്ചും പുതിയപ്രോഗ്രാമുകളേക്കുറിച്ചും ചർച്ച നടത്തി.

**ശില്പശാല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാപസിൽ റേഡിയോ പ്രക്ഷേപണം തുടങ്ങുന്നതിന്റെ ഭാഗമായി ഡിസംബർ 15 ന് നടത്തിയ ശില്പശാലയിൽ പ്രോഗ്രാം കണ്ടെന്റിംഗ് ആന്റ് മേക്കിംഗ് എന്ന വിഷയത്തിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു ക്ലാസ്സ് എടുത്തു.

**വെബിനാർ**

നിലവിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോകളുടെ പ്രവർത്തന മേഖലകൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതകളേക്കു

റിച്ച് ചർച്ച ചെയ്യുന്നതിനായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 5,6,7 തിയ്യതികളിൽ നടത്തിയ വെബിനാറിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഡിസംബർ 18 ന് കുടുംബശ്രീ മൈക്രോസംരംഭ മേഖലയിലെ സാധ്യതകൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ മിഷൻ പ്രോഗ്രാം മാനേജർമാരായ ഹുദൈഫ് പി, ശ്രുതി എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ഡിസംബർ 29 ന് ഗോത്ര മേഖലയ്ക്കായുള്ള കുടുംബശ്രീ പദ്ധതികൾ എന്ന വിഷയത്തിൽ തത്സമയഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കുടുംബശ്രീ പ്രോഗ്രാം മാനേജർ വി. ജയേഷ് തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ജനുവരി 12 ന് മാനന്തവാടി ഗവ. കോളേജിൽ വെച്ച് നടത്തിയ കേരള നോളജ് ഇക്കണോമിഷൻ തൊഴിൽ മേളയുടെ മുന്നോടിയായി 11 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. KDISC പ്രോഗ്രാം മാനേജർ ഡയാന തങ്കച്ചൻ തൊഴിൽ മേളയുമായി ബന്ധപ്പെട്ട ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**സംഗീതസല്ലാപം**

ക്രിസ്തുമസ് ദിനത്തിൽ നടത്തിയ പ്രത്യേക സല്ലാപം പരിപാടിയിൽ ഗായകൻ ഫ്രാങ്ക്ളിൻ പുതിയിടംകുന്ന് പങ്കെടുത്തു.

ജനുവരി ഒന്നിന് പുതുവർഷത്തോടനുബന്ധിച്ച് സംഗീതസല്ലാപം പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. സോയിൽ കൺസർവേഷൻ മാനന്തവാടി ഏരിയ ഓഫീസർ പി.ബി. ഭാനു, മകൾ ബി. വിഷ്ണുപ്രിയ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**പഠനസന്ദർശനം**

കാസർഗോഡ് പടന്നക്കാട് കാർഷിക കോളേജിലെ 20 വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഡിസംബർ 16 ന് മാറ്റൊലി സന്ദർശിച്ചു.

കണ്ണൂർ തളിപ്പറമ്പ് സർ സയ്യ്ദ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഡിസംബർ 19 ന് മാറ്റൊലി സന്ദർശിച്ചു.

പഠനത്തിന്റെ ഭാഗമായി ഡിസംബർ 20 ന് മലപ്പുറം കുണ്ടൂർ PMST ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും 21 ന് പത്തനംതിട്ട

അടൂർ തോപ്പുപാറ ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യിലെ മൂന്നാം വർഷ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേ ഷൻസ് വിദ്യാർത്ഥികളും 30-ാം തിയ്യതി പാലക്കാട് ചെർപ്പുളശ്ശേരി ഐഡിയൽ കാമ്പസ് ഓഫ് എഡ്യുക്കേഷനിലെ വിദ്യാർത്ഥികളും മാറ്റൊലി സന്ദർശിച്ചു.

**ക്രിസ്തുമസ് ആഘോഷം**

റേഡിയോ മാറ്റൊലി ടീം അംഗങ്ങൾ ഡിസംബർ 23 ന് ക്രിസ്തുമസ് ആഘോഷം നടത്തി. കേരളസോയിൽ സർവേ ആന്റ് കൺസർവേഷൻ ഡയറക്ടർ ശ്രീ സുബ്രഹ്മണ്യൻ ഐ. എ. എസ്. പരിപാടിയിൽ പങ്കെടു ക്കുകയും സന്ദേശം നൽകുകയും ചെയ്തു. കൂടാതെ സോയിൽ കൺസർവേഷൻ ജില്ലാ ഓഫീസർ ശ്രീമതി ബിന്ദു മേനോൻ മാനന്ത വാടി ഏരിയ ഓഫീസർ പി.ബി. ഭാനു എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

**സന്ദർശനം**

കേരളസ്റ്റേററ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ജോയിന്റ് ഡയ റക്ടർ രശ്മി മാധവൻ ഡിസംബർ 27ന് മാറ്റൊലി സന്ദർശിക്കുകയും പ്രോഗ്രാം റെക്കോർഡ് ചെയ്യുകയും ചെയ്തു.

ജനുവരി 13 ന് ജില്ലാ എൻഫോഴ്സ്മെന്റ്ആർ.ടി.ഓ അനൂപ് വർക്കി റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബ്രോഡ്കാ സ്റ്റിംഗ് ആന്റ് ജേർണലിസം അവസാന വർഷ ബിരുദ വിദ്യാർത്ഥികളായ ഫാത്തിമ അമാനി പി, തമന്ന കബീർ, അൻസിറ സി.റ്റി എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിനു ചേർന്നു.

**പിക്നിക്**

ടീം മാറ്റൊലി ജനുവരി 12 ന് നിലമ്പൂരിന് ഏകദിന പിക്നിക് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹ ജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീല ഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമ യുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഭക്ഷ്യ കിറ്റ് വിതരണം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ Church In Need, Asia, Wayanad Social Service Society എന്നി വരുമായി ചേർന്ന് കോവിഡ് പ്രതിസന്ധിയുടെ അനന്തര ഫലങ്ങളാൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 1000 രൂപ മൂല്യമുള്ള അവശ്യ സാധനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റ് രണ്ടാം ഘട്ടവി തരണം നടത്തി. കൽപ്ര, കുന്നലാടി, ബെക്കി എന്നീ പ്രദേശങ്ങ ളിലാണ് കിറ്റ് വിതരണം നടത്തിയത്.

**സ്വയം തൊഴിൽ തുടങ്ങുവാനുള്ള ധനസഹായ വിതരണം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള അംഗങ്ങൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനായി മേഖലയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചു. ഒരു യൂണി റ്റിന് 50,000 രൂപ വീതമാണ് നൽകുന്നത്. മൺവയൽ, ധർമഗിരി യൂണിറ്റുകൾക്കാണ് ഈ മാസം ധനസഹായം നൽകിയത്. ഇതുവരെ 8 പേർക്ക് ഈ പദ്ധതിയുടെ കീഴിൽ ധനസഹായം നൽകി.

**NDS യൂണിറ്റ് തല ക്രിസ്തുമസ് ആഘോഷങ്ങൾ**

NDS യൂണിറ്റ് തല ക്രിസ്തുമസ് ആഘോഷങ്ങൾ അതാതു യൂണിറ്റുകളിലും, ഗ്രൂപ്പുകളിലും ആഘോഷിച്ചു. യൂണിറ്റ് ഭാരവാഹി കൾ നേതൃത്വം നൽകി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് എല്ലാ യൂണിറ്റുകളും ക്രിസ്മസ് ആഘോഷങ്ങൾ നടത്തിയത്. കേക്ക് മുറിച്ചും,

സന്ദേശങ്ങൾ പങ്കുവെച്ചും, ക്രിസ്മസ് സമ്മാനങ്ങൾ കൈമാറിയും സമാധാനത്തിന്റെയും, രക്ഷയുടെയും സദ്വാർത്ത അംഗങ്ങൾ പരസ്പരം പങ്കുവെച്ചു.

**പങ്കുവെക്കാം തിരുപ്പിറവിയുടെ സന്തോഷം**

കോവിഡ് മഹാമാരിയുടെ പിടിയിൽ പെട്ട് പലവിധത്തിൽ ബുദ്ധിമുട്ടും പ്രയാസങ്ങളും അനുഭവിക്കുന്ന ഒത്തിരിയേറെപ്പേർ നമുക്ക് ചുറ്റുമുണ്ട്. ആഘോഷങ്ങൾക്കിടയിലും അൽപ്പം കരുതലും ആശ്വാസവും അവർക്ക് കൊടുക്കാം എന്നുള്ള നീലഗിരി ഡെവലൊപ്മെൻറ്റ് സൊസൈറ്റിയുടെ ആഹ്വാനം ഹൃദയത്തിലേറ്റിയ NDS അംഗങ്ങൾ ആ പരിസരത്തെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ മേടിച്ചു നൽകി. അംഗങ്ങൾ സ്വന്തമായാണ് ഇതിനുള്ള പണം സ്വരൂപിച്ചത്.

എല്ലാവർക്കും ദൈവാനുഗ്രഹ സമ്പന്നമായ പുതുവത്സരം ഹൃദയപൂർവ്വം നേരുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

FEDAR FOUNDATION
COMPANION TO YOUR FUTURE

Prot. No. 109/2022
**ഡിസംബർ 15 ജനുവരി 15**

**ഫുൾ സ്റ്റാക്ക് ഡവലപ്മെന്റ് കോഴ്സ്**

ഐസിടി അക്കാദമി ഓഫ് കേരളയുടെ ഫുൾസ്റ്റാക്ക് ഡെവലപ്മെന്റ് കോഴ്സ് നടത്തുന്നതിന് ഫെഡാർ ഫൗണ്ടേഷൻ ഐസിടി അക്കാദമിയുമായി ഡിസംബർ 15 നു ധാരണാപത്രം ഒപ്പിട്ടു. തുടർന്ന് ഐസിടി അക്കാദമി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ ഫെഡാറിന്റെ അഞ്ച് ഫാക്കൽറ്റി അംഗങ്ങൾ പങ്കെടുത്തു. ഡിഗ്രി, പിജി വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന കോഴ്സ് ഉടനെ തന്നെ ആരംഭിക്കുന്നതാണ്.

**ഫാൾ ഇൻ ലവ്! (Fall in Love) 2021**

ഫെഡാർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 'ഫാൾ ഇൻ ലവ് 2021 ഡിസ്ക്കസിങ് തീയോളജി ഓഫ് ബോഡി' എന്ന പേരിൽ ശരീരത്തിന്റെ ദൈവശാസ്ത്രത്തെ സംബന്ധിച്ച വെബ്ബിനാർ സീരീസ് സംഘടിപ്പിച്ചു. മനുഷ്യശരീരത്തിന്റെ ദൈവശാസ്ത്രത്തെയും ആത്മീയഉന്നമനത്തെയും ആഴത്തിൽ മനസിലാക്കുന്നതിനും തിരിച്ചറിയുന്നതിനും സഹായകരമായ ഈ വെബ്ബിനാർ ഡിസംബർ 16 മുതൽ 20 വരെയാണ് നടത്തപ്പെട്ടത്. എല്ലാ സെഷനുകളിലും പങ്കെടുത്തവർക്ക് ഫെഡാർ ഫൗണ്ടേഷൻ സർട്ടിഫിക്കറ്റുകൾ നല്കി.

**ക്രിസ്തുമസ്സ്**

ഫെഡാർ ഫൗണ്ടേഷൻ ഡിസംബർ 23 നു ക്രിസ്തുമസ് ആഘോഷം നടത്തി. ഫാദർ ജോസ് കൊച്ചറക്കൽ (FEDAR-COO) ക്രിസ്തുമസിന്റെ സന്ദേശം നൽകി. തുടർന്ന് ആഘോഷപരിപാടികൾ നടത്തുകയും ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു .

**ഗവേണിംഗ് ബോഡി**

ഫെഡാർ ഫൗണ്ടേഷന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗ് ഡിസംബർ 27 നു ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

**സാൻജോ അക്കാദമി വെബ്സൈറ്റ്**

ഫെഡാർ ഫൗണ്ടേഷന്റെയും അരാമിയ ഇന്റർനാഷണൽ റെസിഡന്റിൽ സ്കൂളിന്റെയും സംയുക്ത പങ്കാളിത്തത്തിൽ ആരംഭിച്ച സാൻജോ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് അക്കാദമിയുടെ വെബ് സൈറ്റ് ലോഞ്ചിങ് ഡിസംബർ 29 നു Mrs Juliya vinckler Nann-natu ( Estonia ) നിർവഹിച്ചു. www.sanjoe.org എന്ന അഡ്രസ്സിൽ വെബ്സൈറ്റ് ലഭ്യമാണ്.

**RESEARCH METHODOLOGY COURSE**

ഫെഡാർ ഫൗണ്ടേഷൻ റിസർച്ച് മെത്തഡോളജി സംബന്ധമായ ഒരു കോഴ്സ് നടത്തി. ഫെഡാർ നടത്തുന്ന ശാസ്ത്രദൈവശാസ്ത്ര പ്രോഗ്രാമിന്റെ (മാസ്റ്റേഴ്സ് പ്രോഗ്രാം) ഭാഗമായിട്ടുള്ളതാണ് ഈ കോഴ്സ്. ഗവേഷണമേഖലയിൽ താത്പര്യമുള്ളവരെ ഉദ്ദേശിച്ചാണ് ഈ കോഴ്സ് സംഘടിപ്പിച്ചത് . ജനുവരി 3 ,5 ,7 ,8 തിയ്യതികളിൽ നടന്ന സെഷനുകളിൽ സിക്കിം യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. സാൽവിൻ പോൾ ആണ് ക്ലാസുകൾ എടുത്തത്.

**വിദ്യാപീഠം**

ഫെഡാർ ഫൗണ്ടേഷന്റെ പ്രോഗ്രാമിൽ പങ്കാളികളാകുന്ന കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാപീഠം എന്ന ഓൺലൈൻ പ്ലാറ്റ്ഫോം പൂർത്തിയായി വരുന്നു. എൻറോൾ ചെയ്ത കുട്ടികൾക്ക് വിദ്യാപീഠത്തിന്റെ ഹോം പേജിൽ ഇപ്പോൾ വിവിധ കോഴ്സുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാകുന്നതാണ്.

**നോബിൾ തോമസ് പാറക്കൽ**
ഫെഡാർ ഫൗണ്ടേഷൻ

**December 2021– January 2022**

Second Semester Degree Examination commenced on 15 December 2021.

I Year Distance Degree Examination commenced on 12 January 2022.

**IQAC**

An MOU was signed on 22nd December 2021 by Mary Matha Arts and Science College Mananthavady with Veritas Group UK for conducting IELTS coaching for the students of the college.

Organized Christmas celebration in the college on 23rd December 2021. The occasion was graced by Manager Rev. Fr. George Myladoor and Principal Dr. Maria Martin Joseph. The programme was followed by flash mob conducted by members of AICUF.

Organized a Research Methodology Webinar Series Session 1: Research Proposal writing in Social Sciences on 28 December 2021. Dr. Dhanya K. A., Assistant Professor and Head, DCMS, Amal college of Advanced Studies, was the resource person. Mr. Midhun K. Shaji Was the co-ordinator of the webinar.

Conducted New Year Celebration “Mara Laha” on 4th January 2022.

**NCC**

On 9th December 2021 NCC Cadets conducted a mourning ceremony for the death of General Bibin Rawat.

December 23 to 29 ‘NCC Day Cadre Camp’ was conducted for the NCC Cadets. Other college cadets under 5(K) Bn NCC Wayanad attended the camp. The camp was for the preparation of Cadets for the B Certificate Exam was conducted on 23-27

December and that for The C Certificate Exam was from 23 to 29 December 2021.

**NSS**

The Seven Day Special Camp, OPPAM-2021 was conducted from Dec 26, 2021 to Jan 01, 2022 in Mary Matha college campus.

**Department of Mathematics**

Celebrated National Mathematics Day on 22-12-2021. As a part of the celebration the department conducted a quiz competition after screening the movie ‘ The Man who knew Infinity’.

**Department of Commerce**

Department of Commerce in association with IQAC organized an Orientation for first year B.Com students on 15 Dec 2021. Dr. Joby Jose, Director, External Affairs, RVS Group of Institutions, Coimbatore, was the resource person.

Department of Commerce in association with IQAC organized a Seminar ob Business Analytics for B.Com students on 15 Dec 2021. Dr. Joby Jose, Director, External Affairs, RVS Group of Institutions, Coimbatore, was the resource person.

**Department of Computer Science**

Conducted one day Invited Lecture and seminar for B Sc computer Science final years and M Sc Computer Science students on the topic “Recent Trends in Information Technology “ on December 15,2021 at Audio visual Room. The resource person was Dr Joby Jose, Director RVS group of Institutions Coimbatore. Program Co ordinator was Dr. Eldho K. J.

**Mr. Midhun Shaji, Ms Tancy V S**

Attended Webinar on “Research Methodology” organized by UGC-HRDC, Gujarat University on 23rd December, 2021.

**Ms. Tancy V. S**

Attended a webinar on “Data Analytics” organized by UGC-HRDC, Gujarat University on 21st December, 2021,

**Dr. Eldho K. J**.

Published a Research Paper in IJCSIT (International Journal of Computer Science and Information Technology) in the title "A Semantic Sentiment Analysis System on Product Reviews -A Neural Network-Based Approach''.

Attended two days National level workshop on NIRF INDIA RANKING 2022, representing Mary Matha College on 5th and 6th January 2022 conducted by institute for Academic Excellence, Hyderabad.

**Dr. Ramya Krishnan M.**

Attended two days National level workshop on NIRF INDIA RANKING 2022, representing Mary Matha College on 5th and 6th January 2022 conducted by institute for Academic Excellence, Hyderabad.

**Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതാ  കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങൾക്കായി ഡിസംബർ മാസത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി C- SMILES വെർച്വൽ പ്ലാറ്റ്ഫോമിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കും, 'എന്റെ മുറിവിലേക്ക് ഒരു പെൺപ്രാവ് പറക്കുന്നു' എന്ന കവിതാസമാഹാരത്തിലൂടെ ഈ വർഷത്തെ കുഞ്ചൻ നമ്പ്യാർ സ്മാരക കവിത അവാർഡിന് അർഹയായ പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഹൈസ്കൂൾ വിഭാഗം അധ്യാപികയായ സ്റ്റെല്ല മാത്യുവിനും, തദ്ദേശീയമായ കളിപ്പാട്ട നിർമാണമത്സരത്തിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം നേടിയ കല്ലോടി സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി വിദ്യാർത്ഥിയായ ബെറ്റീന വർഗീസിനും കോർപ്പറേറ്റ് മാനേജുമെന്റിന്റെ അഭിനന്ദനങ്ങൾ.

**2022 –2023 അധ്യയനവർഷത്തെ പ്രധാനാധ്യാപക തസ്തികകളിലേക്കും, അധ്യാപക അനധ്യാപകരുടെ സ്ഥലം മാറ്റത്തിനുമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ 2022 –23 അധ്യായനവർഷം ഒഴിവു വരുന്ന പ്രധാനാധ്യാപക തസ്തികകളിലേക്കും, അധ്യാപക അനധ്യാപകരുടെ സ്ഥലം മാറ്റങ്ങൾക്കുമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ കോർപ്പറേറ്റ് വെബ്സൈറ്റിൽനിന്നും ഡൗൺലോഡ്ചെയ്ത് സ്കൂൾ മാനേജരുടെയും  പ്രധാനാധ്യാപകരുടെയും ശുപാർശക്കത്തോടെ ഫെബ്രുവരി ഇരുപത്തിയെട്ടിനുള്ളിൽ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**വിദ്യാലയവാർത്തകൾ**

**1 സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ പോരൂർ**

രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാന്റെ ഭാഗമായി നടത്തിയ ശാസ്ത്രരംഗം ഉപജില്ല, ജില്ലാതല മത്സരങ്ങളിൽ വിദ്യാർത്ഥികൾ ഉന്നത സ്ഥാനം നേടി. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് വയനാട്

ജില്ലാ അസോസിയേഷൻ നടത്തിയ ജില്ലാതല ചമയം മത്സര ത്തിലും സ്ഥാപകദിന ക്വിസ് മത്സരത്തിലും വിദ്യാർത്ഥികൾ ഒന്നാം സ്ഥാനത്തിന് അർഹരായി. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് ക്ലബ്ബ് ഉദ്ഘാടനവും കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി GIGGLE മാഗസിൻ പ്രകാശനവും നടത്തി. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എൽ പി വിഭാഗം കുട്ടികൾക്കായി C-SMILES ന്റെ നേതൃത്വത്തിൽ നടത്തിയ പുൽക്കൂടൊരുക്കും കുഞ്ഞിളം കൈകൾ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**2. സെന്റ് ജോസഫ്സ് ഹയർസെക്കക്കറി സ്കൂൾ കല്ലോടി**

ഇന്ത്യാ ഗവൺമെന്റിന്റെ ശാസ്ത്രസാങ്കേതിക വകുപ്പ് വദ്യാർ ത്ഥികൾക്ക് നൽകുന്ന ഇൻസ്പയർ അവാർഡ്, വിജ്ഞാന ഭാരതിയും NCRTയും നേതൃത്വം നൽകുന്ന ഇന്ത്യയിലെ വിദ്യാർത്ഥികൾക്കാ യുള്ള ഏറ്റവും വലിയ സയൻസ് ടാലെന്റ് സെർച്ച് ഡിജിറ്റൽ എക്സാമിനേഷൻ VVMൽ വയനാട് ജില്ലയിലെ ആദ്യ മൂന്നു റാങ്കു കൾ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ ഡാൻസിങ് സാന്റ മത്സരത്തിൽ ഒന്നാം സ്ഥാനം, കെ പി എ സ് ടി എ ഉപജില്ല മെഗാക്വിസ്സിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ എന്നീ നേട്ടങ്ങൾക്ക് വിദ്യാർത്ഥികൾ അർഹരായി. അമൃതകിരണം മെഡിക്കൽ IQ വിൽ ജില്ലാതലത്തിലേക്ക് വിദ്യാലയം തിരഞ്ഞെടുക്കപ്പെട്ടു.

**3 സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ നാഴി കകല്ലായ പുതിയ വാഷ്റൂം കോംപ്ലക്സിന്റെ ഉദ്ഘാടനം കോർപ്പറേറ്റ് മാനേജർ ഫാ. സിജൊ ഇളംകുന്നപ്പുഴ നിർവഹിച്ചു. പ്ലസ് ടു പൊതു പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ അഭിനന്ദി ക്കുന്നതിനായി അനുമോദനസദസ്സ് സംഘടിപ്പിച്ചു. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി അർഹരായ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം ചെയ്തു. നാഷണൽ സർവ്വീസ് സ്കീമിന്റെ ''അതിജീവനം 2021 '' സപ്തദിന ക്യാമ്പിനോടനുബന്ധിച്ചു എൻ എസ് എസ് വോളന്റിയേഴ്സ് സ്കൂളിന്റെ ചുറ്റുമതിൽ പെയിന്റ് ചെയ്യു കയും ചിത്രങ്ങളും ചിന്താശകലങ്ങളും കൊണ്ട് അവ മനോഹര മാക്കുകയും ചെയ്തു.

**4. സെന്റ് ജോസഫ്സ് ടി ടി ഐ മാനന്തവാടി**

എൽ പി, യു പി വിഭാഗം വിദ്യാർത്ഥികളുടെ രക്ഷിതാക്കാൾ

ക്കായി രണ്ടു ദിവസങ്ങളിലായി രക്ഷാകർതൃ ശാക്തീകരണ സെമിനാർ നടത്തി. C - SMILES സംഘടിപ്പിച്ച പുൽക്കൂട് നിർമ്മാണ മത്സരത്തിൽ മൂന്നാം സ്ഥാനവും അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ റമോൺ ജിയോ വെസ്റ്റ് ബംഗാളിൽ വെച്ച് നടന്ന നാഷണൽ കെൻ യു റിയു ചാമ്പ്യഷിപ്പിൽ ഒരോ ഇനങ്ങളിൽ വെള്ളിയും വെങ്കലവും കരസ്ഥമാക്കി. സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റിൽ A+, ഇൻസ്പയർ അവാർഡ് എന്നീ നേട്ടങ്ങളും വിദ്യാലയത്തെ തേടിയെത്തി.

**5. സെന്റ് മേരീസ് എ യു പി സ്കൂൾ കബനിഗിരി**

ശാസ്ത്രസാങ്കേതിക വിദ്യകളുടെ മാസ്മരിക ലോകത്തിൽ അടിപതറാതെ ചുവടുറപ്പിക്കാൻ വിദ്യാർത്ഥികൾക്ക് സഹായകമാകുന്ന വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. പ്രാദേശിക ചരിത്രരചന മത്സരത്തിൽ ബത്തേരി ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നല്ലപാഠം പ്രവർത്തനത്തിന്റെ ഭാഗമായി, സ്കൂളിലെ വിദ്യാർത്ഥികളുടെ വീടുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികൾ മരക്കടവ് സെന്റ് കാതറൈൻസ് ഓൾഡ് ഏജ് ഹോമിനു നൽകി.

**6. സെന്റ് ജോസഫ്സ് യു പി സ്കൂൾ കല്ലോടി**

ഇന്ത്യാ ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് വിദ്യാർത്ഥികൾക്ക് നൽകുന്ന 2021 ലെ ഇൻസ്പയർ അവാർഡ്, ലൈബ്രറി കൗൺസിൽ നടത്തിയ വായന മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ, മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ C - SMILES വെർചൽ പ്ലാറ്റ്ഫോമിൽ കരോൾഗാന മത്സരത്തിൽ രണ്ടാം സ്ഥാനം എന്നീ നേട്ടങ്ങളിലൂടെ പാഠ്യപാഠ്യേതര രംഗങ്ങളിൽ വിദ്യാലയം നേട്ടങ്ങൾ കൈവരിച്ചു. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി എൽ പി വിഭാഗം മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാലയങ്ങളിലെ അധ്യാപകർ യു പി സ്കൂളിൽ ഒത്തുചേരുകും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. വിദ്യാലയത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ ചുറ്റുവേലികളും വരാന്തകളും നിർമ്മിക്കുകയും വിദ്യാലയങ്കണം മനോഹരമാക്കുകയും ചെയ്തു.

**7 സെന്റ് തോമസ് എ യു പി സ്കൂൾ മുള്ളൻകൊല്ലി**

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ചു എയ്ഡ്സ് ബോധവൽക്കരണ റാലി ഫ്ളാഷ് മോബ്, പ്ലക്കാർഡ് നിർമ്മാണ മത്സരം,

പോസ്റ്റർ രചന മത്സരം എന്നിവ സംഘടിപ്പിച്ചു. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലോകസാക്ഷരത ദിനത്തിൽ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന IT @ ഹോം പരിപാടി ഉദ്ഘാടനം ചെയ്തു. ഭിന്നശേഷി വാരാചരണത്തിന്റെ ഭാഗമായി ബത്തേരി ബി. ആർ. സി സംഘടിപ്പിച്ച കഥപറയൽ മത്സരത്തിൽ രണ്ടാം സ്ഥാനവും C-SMILES ഒരുക്കിയ പുൽക്കൂട് നിർമ്മാണ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു. ഡ്രോപ്പ് ഔട്ട് ഫ്രീ വയനാട് എന്ന ആശയം മുൻനിർത്തി ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച ലാപ്ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

**8. സെന്റ് ആന്റണീസ് യു പി സ്കൂൾ കോട്ടത്തറ**

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം ചെയ്തു.

**9. ദേവമാതാ എ എൽ പി സ്കൂൾ ആടിക്കൊല്ലി**

വിദ്യാലയത്തിലെ മികവുറ്റ പ്രവർത്തനങ്ങൾക്ക് മാതൃഭൂമി സീഡിന്റെ ഹരിത വിദ്യാലയ അവാർഡ്, മലയാള മനോരമയുടെ നല്ല പാഠം അവർഡ് എന്നിവ ലഭിക്കുകയുണ്ടായി.വിദ്യാർത്ഥികൾക്കായി ബുൾബുൾ യൂണിറ്റ് ആരംഭിച്ചു. ബത്തേരി ഉപജില്ല വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ കവിത രചന മത്സരത്തിൽ ഒന്നാം സ്ഥാനവും C - SMILES പുൽക്കൂട് നിർമ്മാണ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

**10 സെന്റ് തോമസ് എൽ പി സ്കൂൾ നടവയൽ.**

ഹലോ ഇംഗ്ലീഷ്, വിദ്യാകിരണം എന്നീ പദ്ധതികളുടെ ഉദ്ഘാടനം നടത്തി. ലോക എയ്ഡ്സ് ദിനത്തിൽ സന്ദേശം നൽകി. ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി മൂന്നാം ക്ലാസ്സിലെ ഭിന്നശേഷി വിദ്യാർത്ഥിനിയുടെ ഭവനം സന്ദർശിച്ചു. C - SMILES പുൽക്കൂട് നിർമ്മാണമത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**11 സെന്റ് ജോർജ് എ എൽ പി സ്കൂൾ കൊളവയൽ.**

വിദ്യാകിരണം ലാപ്ടോപ്പ് വിതരണ പരിപാടിയുടെ സ്കൂൾ തല വിതരണോദ്ഘാടനം നടത്തുകയും ബുൾബുൾ കുട്ടികൾക്ക് സംസ്ഥാന ഹീരക്പങ്ക് അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

**12. സെന്റ് തോമസ് യു പി സ്കൂൾ തവിഞ്ഞാൽ**

വിദ്യാർത്ഥികൾക്കായുള്ള എയറോബിക്സ് പരിശീലനത്തിന് തുടക്കമായി. ലോക ഭിന്നശേഷി ദിനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളെ ആദരിച്ചു. വിദ്യാലയത്തിലെ ക്രിസ്തുമസ് ആഘോഷത്തിനായി വിദ്യാർത്ഥികൾ വീട്ടിൽ നട്ടുവളർത്തിയ പച്ചക്കറികൾ സ്കൂളിൽ എത്തിച്ചു.

**13 സെന്റ് പോൾസ് യു പി സ്കൂൾ പുതിയിടംകുന്ന്**

സ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാകിരണം പദ്ധതിപ്രകാരമുള്ള ലാപ്ടോപ്പുകളുടെ വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. അധ്യാപകർ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**14 അമ്പായത്തോട് യു പി സ്കൂൾ**

ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യു പി വിഭാഗം കുട്ടികൾക്കായി നടത്തിയ വായനമത്സരത്തിൽ വിദ്യാർത്ഥികൾ ആദ്യ രണ്ട് സ്ഥാനങ്ങൾ നേടി. എസ്.ടി വിഭാഗം കുട്ടികൾക്കായി സംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച ലാപ്ടോപ്പ് വിതരണം ചെയ്തു.

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങൾ പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങളിലൂടെ നേട്ടങ്ങൾ കൈവരിക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്. വിജ്ഞാനദാഹികളായ, സർഗ്ഗധനരായ ഒരു തലമുറയെ സമൂഹത്തിനു നല്കാൻ ഓരോ വിദ്യാലയവും നടത്തുന്ന പരിശ്രമങ്ങളെ ഏറെ അഭിമാനത്തോടെ നോക്കിക്കാണുന്നു. വീണ്ടും ഓൺലൈൻ ക്ലാസുകളിലേക്ക് മടങ്ങിപ്പോകാൻ നിർബന്ധിതരാകുന്ന കുഞ്ഞുങ്ങൾക്ക് എത്രയും വേഗം വിദ്യാലയങ്ങളിലേയ്ക്ക് തിരിച്ചെത്താൻ സാധിക്കട്ടെ. ഇനിയുമേറെ നേട്ടങ്ങളും അംഗീകാരങ്ങളും നിങ്ങളെത്തേടിയെത്തട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***2022 February***

*12 Saturday......................Deepthi Bhavan*

*(FCC Provincial House):Golden Jubilee*

*27 Sunday… ....................Arattuthara: First  Holy Communion*

***2022 March***

*01 Tuesday ......................Dwaraka: CML Anniversary*

*19 Saturday......................Peravoor*